# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1790/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 13/12/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1790/2023 തീയ്യതി: 13/12/2023

## കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-12-2022 മുതൽ 19-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എ. ആർ. ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 20-11-2023 | 28-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-11-2023 | 28-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. വിപിന വത്സരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. രാജിമ. എ. സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. നിഖില. എ. എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. നസീമ ചാമാളിയതിൽ. | പ്രസിഡന്റ് | 01-04-2022 | 04-09-2022 |
| ശ്രീ. നെല്ലൂർ ഇസ്മയിൽ | പ്രസിഡന്റ് | 05-09-2022 | 27-09-2022 |
| ശ്രീമതി. തങ്കമണി. വി. കെ. | പ്രസിഡന്റ് | 28-09-2022 | 31-03-2023 |
| ശ്രീ. ഉണ്ണികൃഷ്ണൻ. ടി. എം. | സെക്രട്ടറി | 01-04-2022 | 09-10-2022 |
| ശ്രീ. രാജീവൻ. വി. | സെക്രട്ടറി | 10-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രവി. എം. എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 06-05-2022 |
| ശ്രീമതി. സജിന. കെ. | അസിസ്റ്റന്റ് സെക്രട്ടറി | 07-05-2022 | 12-05-2022 |
| ശ്രീ. സജീവൻ. സി. പി. | അസിസ്റ്റന്റ് സെക്രട്ടറി | 13-05-2022 | 19-10-2022 |
| ശ്രീമതി. സജിന. കെ. | അസിസ്റ്റന്റ് സെക്രട്ടറി | 20-10-2022 | 24-10-2022 |
| ശ്രീമതി. നിഷ. പി. കെ. | അസിസ്റ്റന്റ് സെക്രട്ടറി | 25-10-2022 | 31-03-2023 |
| ശ്രീ. സ്വരൂപ്. പി. എസ്. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. വിനയ ഭാസ്കരൻ. | വി.ഇ.ഒ. തൃപ്രങ്ങോട്ടൂർ | 01-04-2022 | 17-04-2022 |
| ശ്രീ. സമീർ. കെ. | വി.ഇ.ഒ. തൃപ്രങ്ങോട്ടൂർ | 18-04-2022 | 31-03-2023 |
| ശ്രീ. അബ്ദുൾ നാസർ | വി.ഇ.ഒ. പൊയിലൂർ | 01-04-2022 | 31-03-2023 |
| ഡോ. ജോഷി ജോർജ്. | വെറ്റിനറി സർജൻ | 01-04-2022 | 18-04-2022 |
| ഡോ. ധനേഷ്. | വെറ്റിനറി സർജൻ | 19-04-2022 | 30-06-2022 |
| ഡോ. ജോഷി ജോർജ്. | വെറ്റിനറി സർജൻ | 01-07-2022 | 28-09-2022 |
| ഡോ. ആൽവിൻ വ്യാസ്. | വെറ്റിനറി സർജൻ | 29-09-2022 | 31-03-2023 |
| ഡോ. സന്തോഷ് കുമാർ. ടി. വി. | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 11-09-2022 |
| ഡോ. അനഘ. യു. | മെഡിക്കൽ ഓഫീസർ ആയുർവേദം | 12-09-2022 | 31-03-2023 |
| ഡോ. ദീപ. പി. | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 18-04-2022 |

| | | | |
|---|---|---|---|
| ഡോ. നീന. സി. കെ. | മെഡിക്കൽ ഓഫീസർ ഹോമിയോ | 19-04-2022 | 29-04-2022 |
| ഡോ. ബിന്ദു. കെ. | മെഡിക്കൽ ഓഫീസർ ഹോമിയോ | 30-04-2022 | 31-03-2023 |
| ശ്രീമതി. പ്രജിന. കെ. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 12-01-2023 |
| ശ്രീമതി. പ്രീത. എൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 13-01-2023 | 31-03-2023 |
| ശ്രീ. സുധീർ കുമാർ. കെ. | ഹെഡ് മാസ്റ്റർ | 01-04-2022 | 05-07-2022 |
| ശ്രീ. രമേശൻ കാന | ഹെഡ് മാസ്റ്റർ | 06-07-2022 | 31-03-2023 |
| ശ്രീ. ജയൻ. എം. വി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. രജീഷ്. പി. കെ | ഫിഷറീസ് എക്സ്ററൻഷൻ ഓഫീസർ | 01-04-2022 | 31-12-2022 |
| ശ്രീ. രാജേഷ്. പി. ആർ. | ഫിഷറീസ് എക്സ്ററൻഷൻ ഓഫീസർ | 01-01-2023 | 31-03-2023 |
| ശ്രീമതി. റമീന മുസ്തഫ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 22-05-2022 |
| ശ്രീ. മുരുകേശൻ. എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 23-05-2022 | 28-07-2022 |
| ശ്രീ. അനന്തുകൃഷ്ണ. എം | അസിസ്റ്റന്റ് എഞ്ചിനീയർ | 29-07-2022 | 31-03-2023 |
| ഡോ. ആനന്ദവല്ലി. എ. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2022 | 29-06-2022 |
| ഡോ. സജീവൻ. എം. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 30-06-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കാപ്പിറ്റ**ൽ** കോ**ൺ**ടിബ്യൂഷ**ൻ** കാലികമാക്കിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ ത**ൻ**വ**ർ**ഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയി**ൽ** മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേ**ർ**ത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | നോട്സ് ഓ**ൺ** അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല. | 1-1-4 |
| 6 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, ആസ്തി -ബാധ്യത നീക്കിയിരിപ്പുകളായി രേഖപ്പെടുത്തിയ തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | അഡ്വാൻസ് രജിസ്റ്റർ അപൂർണ്ണം | 1-1-6 |
| 8 | ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല. | 1-1-7 |
| 9 | ദുരിതാശ്വാസ നിധി ബി-2 ഷെഡ്യൂൾ പ്രകാരമുള്ള തുകയും ബി-17 ഷെഡ്യൂൾ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ഇൻകം & എക്സ്പൻഡിചർ സ്റ്റേറ്റ്മെന്റിൽ ഗ്രോസ് സർപ്ലസ് /ഡെഫിസിറ്റ് ഓഫ് ഇൻകം ഓവർ എക്സ്പൻഡിചർ കണക്കാക്കിയതിൽ വ്യത്യാസം | 1-1-9 |
| 11 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-10 |
| 12 | B-12 ഷെഡ്യൂളിൽ യഥാർത്ഥ ഇൻവെസ്റ്റ്മെന്റ് തുക ഉൾപ്പെടുന്നില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | പുതുക്കിയ ബജറ്റ് | 1-2-1 |
| 15 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം. | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-വിശദാംശങ്ങൾ | 1-6-1 |
| 20 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല. | 1-6-2 |
| 21 | ക്ഷേമ പദ്ധതികൾ | 1-7 |
| 22 | ക്യാഷ് പരിശോധന | 1-8 |
| 23 | ആഭ്യന്തരനിയന്ത്രണം | 1-9 |

| | | |
|---|---|---|
| 24 | ഗ്രാമസഭ | 1-10 |
| 25 | കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലെ അപാകം | 1-11 |
| 26 | അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-12 |
| 27 | അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്ന് വസ്തുനികുതി ഈടാക്കിയിട്ടില്ല. | 1-13 |
| 28 | കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലെ അപാകത | 1-14 |
| 29 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലെ വ്യത്യാസം | 1-15 |
| 30 | കോർപ്പറേറ്റ് സാമൂഹിക പ്രതിബദ്ധത പ്രവർത്തനങ്ങൾ-മോണിറ്റർ സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്. | 1-16 |
| 31 | ഇ-ടെണ്ടർ ഫീ - ജില്ലാ പഞ്ചായത്തിൽ നിന്നും മുഴുവൻ തുകയും തിരികെ ലഭിച്ചില്ല | 1-17 |
| 32 | തനത് വരുമാനം-ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച അവലോകനം. | 1-18 |
| 33 | കോക്ലിയർ ഇംപ്ലാന്റിന്റെ മെയിന്റനൻസിന് തുക കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 34 | പട്ടികജാതി വനിതകൾക്ക് ഇരുചക്രവാഹനം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹157594 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 35 | ആരോഗ്യ ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ₹99572 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 36 | അതിദരിദ്രർക്ക് ചികിത്സയും മരുന്നും ലഭ്യമാക്കൽ -രേഖകളുടെ അഭാവത്തിൽ ₹87000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 37 | കണ്ണൂർ ഫൈറ്റ്സ് ക്യാൻസർ നിയന്ത്രണ പദ്ധതി-ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല-₹ 60000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 38 | സ്മാർട്ട് ഐ-ഫേസ് 1-വിനിയോഗം സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 39 | കുടുംബാരോഗ്യകേന്ദ്രം – രോഗനിർണ്ണയസൗകര്യം മെച്ചപ്പെടുത്തൽ - പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ ₹219655 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 40 | പി എച്ച് സി മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല-₹188164 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |

| | | |
|---|---|---|
| 41 | സാന്ത്വന പരിചരണം-മുഴുവൻ മരുന്നുകളും ലഭ്യമായില്ല ₹40365 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 42 | പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 43 | എം.സി.എഫ് വൈദ്യുതീകരണം പൂർത്തീകരണവിവരമില്ല ₹932956 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 44 | കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് ഫർണിച്ചറും ഉപകരണങ്ങളും വാങ്ങൽ -സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയില്ല ₹987673 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-30 |
| 45 | തുടർ സാക്ഷരത-വിവരങ്ങൾ ലഭ്യമല്ല ₹35750 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-31 |
| 46 | പിഎച്ച് സിക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ - രേഖകൾ ലഭ്യമാക്കിയില്ല ₹155961 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-32 |
| 47 | എസ്.എസ്.കെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതാണ്. | 1-33 |
| 48 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ മുഴുവനായും പാലിക്കുന്നില്ല. | 1-34 |
| 49 | മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല. | 1-35 |
| 50 | തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടില്ല. | 1-36 |
| 51 | പൊതുടാപ്പുകൾ സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-37 |
| 52 | ശുചിത്വ മിഷൻ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്. | 1-38 |
| 53 | പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി | 1-39 |
| 54 | ആസ്തി പരിപാലന പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല | 1-40 |
| 55 | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത | 1-41 |
| 56 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - അവലോകനം | 1-42 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 13.07.2023 ലെ 163/23 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 14.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ, ഡെപ്യൂട്ടി ഡയറക്ടർ,

13-12-2023 ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## 1-1-1 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല.

സ്ഥാപനത്തിന് ഗ്രാന്റ് ആയി ലഭിച്ച തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (₹3151357) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (₹3242434) പൊരുത്തപ്പെടുന്നില്ല.

## 1-1-3 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ

പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

3. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-4 നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-5 സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, ആസ്തി -ബാധ്യത നീക്കിയിരിപ്പുകളായി രേഖപ്പെടുത്തിയ തുകകൾ പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രികയിലെ ധനകാര്യകമ്മീഷൻ ഗ്രാന്റ് ബി-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയും ബി-17 ഷെഡ്യൂൾ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. ബി-4 ഷെഡ്യൂൾ പ്രകാരമുള്ള തുക ₹8080912 യും ബി-17 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് ₹8152784 യുമാണ്.

## 1-1-6 അഡ്വാൻസ് രജിസ്റ്റർ അപൂർണ്ണം

അഡ്വാൻസ് രജിസ്റ്റർ അപൂർണ്ണമാണ്. എം.ജി.എൻ.ആർ.ഇ.ജി.എസ്. ഒഴികെയുള്ള അഡ്വാൻസ് ഇനങ്ങളിൽ വാർഷിക ധനകാര്യ പത്രികയിലെ ആകെ തുക മാത്രം, ഏത് വർഷം അനുവദിച്ചത്, ആർക്കാണ് അനുവദിച്ചത് തുടങ്ങിയ വിശദാംശങ്ങളില്ലാതെ രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

## 1-1-7 ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

## 1-1-8 ദുരിതാശ്വാസ നിധി ബി-2 ഷെഡ്യൂൾ പ്രകാരമുള്ള തുകയും ബി-17 ഷെഡ്യൂൾ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

ദുരിതാശ്വാസ നിധി ഇനത്തിലുള്ള നീക്കിയിരിപ്പ് ബി-2 ഷെഡ്യൂൾ പ്രകാരം ₹17852 ആണ്. എന്നാൽ ബി-17, ആർ.പി.-40 (ബി), എന്നിവ പ്രകാരം ₹16052 യാണ്.

## 1-1-9 ഇൻകം & എക്സ്പൻഡിചർ സ്റ്റേറ്റ്മെന്റിൽ ഗ്രോസ് സർപ്ലസ് /ഡെഫിസിറ്റ് ഓഫ് ഇൻകം ഓവർ എക്സ്പൻഡിചർ കണക്കാക്കിയതിൽ വ്യത്യാസം

Income & Expenditure Statement പ്രകാരം Surplus/deficit Of Income Over Expenditure ₹8110829 ആണ്. എന്നാൽ B-1 ഷെഡ്യൂളിൽ Excess Of Income Over Expenditure ആയി ചേർത്തത് ₹31013230 ആണ്.

## 1-1-10 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

## 1-1-11 B-12 ഷെഡ്യൂളിൽ യഥാർത്ഥ ഇൻവെസ്റ്റ്മെന്റ് തുക ഉൾപ്പെടുന്നില്ല

സ്ഥിരനിക്ഷേപങ്ങൾ ഓരോ വർഷവും പലിശയടക്കം പുതുക്കുകയാണ് ചെയ്തു വരുന്നത്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ പലിശയടക്കം പുതുക്കിയ തുകയല്ല സ്ഥിര നിക്ഷേപമായി ചേർക്കുന്നത്. വാഷിക ധനകാര്യ പത്രിക B-12 പ്രകാരം സ്ഥിര നിക്ഷേപം ₹2003212 യാണ് നീക്കിയിരിപ്പായുള്ളത്. സ്ഥിര നിക്ഷേപത്തിന്റെ യഥാർത്ഥ നീക്കിയിരിപ്പ് ₹2131185 യാണ്.

## 1-2 ബജറ്റ്

തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 ലെ ബജറ്റ് 26-3-2022 ലെ 95/22 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 6068295 |
| വരവ് | 216975000 |
| ആകെ | 223043295 |
| ചെലവ് | 219589525 |
| നീക്കിയിരിപ്പ് | 3453770 |

## 1-2-1 പുതുക്കിയ ബജറ്റ്

തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 ലെ പുതുക്കിയ ബജറ്റ് 18-3-2023 ലെ 79/23 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 33330286 |
| വരവ് | 234160006 |
| ആകെ | 267490292 |
| ചെലവ് | 229377737 |
| നീക്കിയിരിപ്പ് | 38112555 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| വർഷം | 2022-23 |
| മുന്നിരിപ്പ് | 20062357 |
| വരവ് | 63295875 |
| ആകെ | 83358232 |
| ചെലവ് | 60053441 |
| നീക്കിയിരിപ്പ് | 23304791 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 3241690 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കി യിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 20371600 | 20371600 | 19668878 | 702722 |
| വികസന ഫണ്ട് എസ്.സി.പി | 0 | 1100000 | 1100000 | 993942 | 106058 |
| വികസന ഫണ്ട് ടിഎസ് പി | 0 | 647774 | 647774 | 647774 | 0 |
| മെയിന്റനൻസ് റോഡ് | 0 | 6339000 | 6339000 | 4771124 | 1567876 |
| മെയിന്റനൻസ് നോൺ റോഡ് | 0 | 6345000 | 6345000 | 5859506 | 485494 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 8521633 (4828501+ 3693132 Treasury) | 5813000 | 14334633 | 3960120 (3059821+ 900299) | 10374513 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – Basic | 412485+ 65376 (പലിശ) | 3875000+ 261435 (പലിശ) | 4614296 | 4115041+ 23.5 Bank Charge | 499232 |
| കേന്ദ്രാവിഷ്കൃത വിഹിതം | | | | | |
| ശുചിത്വ മിഷൻ ഫണ്ട് | 973789 | 11098 | 984887 | 0 | 984887 |
| അംഗൻവാടി പോഷകാഹാരം | 77381 | 1878088 | 1955469 | 371843 | 1583626 |
| നിർമ്മൽ പുരസ്കാർ | 156850 | 0 | 156850 | 0 | 156850 |
| സ്വച്ഛ് ഭാരത് മിഷൻ അഭിയാൻ | 0 | 60000 | 60000 | 60000 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 3904 | 7649338 | 7653242 | 7653242 | 0 |
| TSC Fund | 1301053 | 0 | 1301053 | 0 | 1301053 |
| നാഷണൽ റൂറൽ ഹെൽത്ത് മിഷൻ | 0 | 450000 | 450000 | 0 | 450000 |
| ഹെൽത്ത് ഗ്രാന്റ് (ഡയഗ്നോസിസ്) | 0 | 296957 | 296957 | 219655 | 77302 |
| ഹെൽത്ത് ഗ്രാന്റ്(വെൽനസ്) | 0 | 162244 | 162244 | 99572 | 62672 |
| സംസ്ഥാന സർക്കാർ വിഹിതം | | | | | |
| സാക്ഷരത | 7666 | 220 | 7886 | 0 | 7886 |
| വിമുക്തി, ആശ്രയ | 40920 | 0 | 40920 | 0 | 40920 |
| ഖരമാലിന്യ സംസ്കരണം | 2700 | 0 | 2700 | 0 | 2700 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ | 13417 | 0 | 13417 | 3417 | 10000 |
| ലൈഫ് മിഷൻ ഫണ്ട് | 9293 | 0 | 9293 | 0 | 9293 |
| കേരളോത്സവം | 40000 | 0 | 40000 | 0 | 40000 |
| റൂറൽ ഹൗസിങ് ഫോർ ഓൾ | 0 | 127393 | 127393 | 0 | 127393 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 192 | 84854145 | 146 | 46610110 | 57 | 46 | 46.35 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 31 | 19 | 9167988 | 5544920 | 60.48 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 6 | 2513710 | 1328180 | 52.84 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 70 | 46 | 23055986 | 11356584 | 49.26 |
| 4 | കൃഷി ഓഫീസർ | 6 | 6 | 1858888 | 1858280 | 99.97 |
| 5 | വി.ഇ.ഒ. തൃപ്രങ്ങോട്ടൂർ | 14 | 13 | 23989223 | 6272323 | 26.15 |
| 6 | വി.ഇ.ഒ. പൊയിലൂർ | 8 | 7 | 4425320 | 2835876 | 64.08 |
| 7 | മെഡിക്കൽ ഓഫീസർ PHC | 20 | 18 | 7860202 | 6097277 | 77.57 |
| 8 | മെഡിക്കൽ ഓഫീസർ GAD | 1 | 1 | 700000 | 700000 | 100 |
| 9 | മെഡിക്കൽ ഓഫീസർ GHD | 1 | 1 | 200000 | 200000 | 100 |
| 10 | വെറ്റിനറി സർജൻ | 8 | 8 | 2658000 | 2657186 | 99.97 |
| 11 | ICDS സൂപ്പർവൈസർ | 8 | 8 | 6363828 | 6136896 | 96.43 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1040000 | 972000 | 93.46 |

| | | | | | | |
|---|---|---|---|---|---|---|
| 13 | ഹെഡ് മാസ്റ്റർ | 11 | 10 | 821000 | 510588 | 62.19 |
| 14 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 200000 | 140000 | 70 |
| | ആകെ | 192 | 146 | 84854145 | 46610110 | 54.93 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3904 | 1148569 | 1152473 | 1152473 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 6500769 | 6500769 | 6500769 | 0 |
| ആകെ | 3904 | 7649338 | 7653242 | 7653242 | 0 |

## 1-6-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-വിശദാംശങ്ങൾ

1. ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികളുടെയും നടപ്പാക്കിയ പ്രവൃത്തികളുടെയും വിശദാംശങ്ങൾ.

| വർഷം | ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികൾ (എണ്ണം) | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ) | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ) |
|---|---|---|---|
| 2022-23 | 974 | 169 | 149 |

2. തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരം 2022-23

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 237 |
| 2 | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 5297 |
| 3 | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 2173 |
| 4 | 100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 602 |
| 5 | തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 100 |
| 6 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 155941 |
| 7 | തൊഴിൽ കാർഡ് നൽകാൻ ശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം | 0 |

3. എസ്. സി / എസ്. ടി പങ്കാളിത്തം

| വർഷം | പഞ്ചായത്തിലെ ആകെ എസ്. സി / എസ്. ടി കുടുംബങ്ങൾ | | രജിസ്റ്റർ ചെയ്ത എസ്. സി/എസ്. ടി കുടുംബങ്ങൾ | |
|---|---|---|---|---|
| | എസ്. സി | എസ്. ടി | എസ്. സി | എസ്. ടി |

| | | | | |
|---|---|---|---|---|
| 2022-23 | 129 | 86 | 79 | 79 |

## 1-6-2 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല.

മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തൻവർഷം നടപ്പിലാക്കിയ മെറ്റീരിയൽ പ്രവൃത്തികളിൽ 9 എണ്ണം റോഡ് കോൺക്രീറ്റ് പ്രവൃത്തികളാണ്. പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് റോഡ് ചെയിനേജ് രേഖപ്പെടുത്താതെയാണ്. ഇതേ റോഡുകളിൽ തന്നെ മറ്റ് ഫണ്ടുകൾ പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാൽ എസ്റ്റിമേറ്റിൽ റോഡ് ചെയിനേജ് വിവരം രേഖപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഇക്കാര്യം ഉചിതമായ നടപടികൾക്കായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 125 | 2413200 |
| വിധവാ പെൻഷൻ | 1255 | 19946800 |
| വാർദ്ധക്യകാല പെൻഷൻ | 2485 | 36785800 |
| ഭിന്നശേഷി പെൻഷൻ | 357 | 6094700 |
| അവിവാഹിത പെൻഷൻ | 124 | 1949400 |
| വിവാഹ ധനസഹായം | 8 | 240000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-11-2023ന് 4.22 Pm സമയത്ത് അക്കൌണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹63,903 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും ക്യാഷിന്റെയും ബാങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണ്ണയിച്ചുകൊണ്ടുള്ള ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലും 2022-23 വർഷം ആകെ മൂന്ന് തവണ മാത്രമാണ് ഗ്രാമസഭ യോഗം ചേർന്നിട്ടുള്ളത്. 2022 മേയ് മാസം, ആഗസ്റ്റ് മാസം, 2023 ജനുവരി മാസം എന്നിങ്ങനെയാണ് ഗ്രാമസഭ യോഗം ചേർന്നത്. ഗ്രാമസഭകളിൽ ക്വാറം തികഞ്ഞിട്ടുണ്ട്. 2022-23 വാർഷിക പദ്ധതി രൂപീകരണം, വാർഷിക ധനകാര്യ പത്രിക അംഗീകാരം, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് വായിച്ച് അംഗീകരിക്കൽ, വാതിൽപ്പടി സേവനം ഗുണഭോക്താക്കളെ അംഗീകരിക്കൽ എന്നിവയായിരുന്നു ഒന്നാമത്തെ ഗ്രാമസഭയുടെ അജണ്ട. ആഗസ്റ്റ് മാസം നടന്ന രണ്ടാമത്തെ ഗ്രാമസഭയിൽ ലൈഫ്2020 കരട് ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, 2022-23 വാർഷിക പദ്ധതി

ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ എന്നിവയായിരുന്നു അജണ്ട. 2023-24 വർഷത്തെ പദ്ധതി ആസൂത്രണ ഗ്രാമസഭകളാണ് ജനുവരി മാസം ചേർന്നത്. 2023-24 വാർഷിക പദ്ധതി ആസൂത്രണം, കരട് പദ്ധതി അവതരണം, 2022-23 വാർഷിക പദ്ധതി ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2022-23 ആക്ഷൻ പ്ലാൻ അംഗീകരിക്കൽ എന്നിവയായിരുന്നു ഗ്രാമസഭകളിലെ പ്രധാന അജണ്ട. ഗ്രാമസഭകളിൽ അജണ്ടയിൽ ഉൾപ്പെട്ട വിഷയങ്ങളിൽ ചർച്ച നടത്തുകയും മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

## 1-11 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലെ അപാകം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നമ്പർ | ഇനം | നിർണയിക്കേണ്ട നികുതി നിരക്ക് / ച. മീ |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 $M^2$ വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 40 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 $M^2$ ന മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 $M^2$ വരെ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 40 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 $M^2$ ന മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 70 |

വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകൾ, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉമസ്ഥന്റെ പേര് | കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ) | നിർണ്ണയിച്ച നികുതി (₹/$M^2$) | നിർണ്ണയിക്കേണ്ട നികുതി (₹/$M^2$) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | വാണിയമ്പത്ത് താമസിക്കും പരപ്പങ്ങാട്ട് അബ്ദുള്ള | 11/398, 399, 400, 401, 402, 403, 404, 405 | 14+14+14+14+25+13+ 13+13+13+13 ആകെ : 146 | 40 | 50 |
| 2 | ആച്ചോത്ത് അസ്സ | 11/45 A, B | 41.72+118.49 ആകെ : 160.21 | 11/45 A യ്ക്ക് ₹50 നിരക്കിലും 11/45B യ്ക്ക് ₹40 നിരക്കിലും) | 50 |
| 3 | മത്തത്ത് താമസിക്കും പൊന്നാറമ്പത്ത് അബൂബക്കർ | 11/570 To 11/576 | 18+18+18+18+18+7+48 ആകെ : 369 | 40 | 50 |
| 4 | ടി കെ ആസ്യ | 11/578 To 11/590 | 38+16+66+41+41+41+18+ 18+18+18+18+18+18 ആകെ : 261 | 40 | 50 |
| 5 | മിന്നക്കോടൻ യൂസഫ് | 11/616 To 720 | 13.62+13.62+13.62+13.62+12.5+ 12.5+12.5+12.5+12.5+12.5+12.5+ 13.62+13.62+12.5+12.5+12.5+12.5+ 12.5+12.5+12.5+12.5+12.5+12.5+ 12.5+12.5+12.5+12.5+12.5+12.5+ 12.5+12.5+12.5+12.5+12.5+ 12.5+12.5+12.5+12.5+12.5+12.5+ 12.5+12.5+13.62+13.62+13.62+ 79.3+188.2+6.8+6.8+8.2+26.8+ 26.2+17+38+11.8+28.2+48+42+ 28+12.1+20+23+28.06+29.21+ 30.96+30.96+31.84+32.12+ 27.79+27.18+27.18+55.97+ 32.26+32.26+32.03+29.2+26.2+ 46.67+26.98+28.98+28.98+ 26.18+26.18+23.29+25.9+26.4+ 27.8+28.89+31.26+25+25+25+ 25+25+25+25+24.35+24.35+ 24.35+25+25.95+27.22+30.81+ 25.45+25.25+24.67+9 ആകെ : 2445.11 | (11/616 മുതൽ 620 വരെ ₹40 നിരക്കിലും 11/621 ന് ₹50 നിരക്കിലും 11/622 മുതൽ 700 വരെ ₹40 നിരക്കിലും 11/701 മുതൽ 711 വരെ ₹70 നിരക്കിലും 11/712 മുതൽ 720 വരെ ₹40 നിരക്കിലും) | 70 |

മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിന് 27/24-11-2023 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് പഴയ കെട്ടിടങ്ങളായതിനാൽ എ.ആർ.വി അടിസ്ഥാനമാക്കിയാണ് നികുതി കണക്കാക്കിയിരിക്കുന്നത് എന്ന മറുപടിയാണ് സെക്രട്ടറി നൽകിയത്. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. മേൽപട്ടികയിലെ കെട്ടിടങ്ങളിൽ നിന്ന് തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള നിരക്കിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന്

ലഭ്യമാക്കേണ്ടതുമാണ്.

## 1-12 അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നില്ല

2017-18, 2018-19 എന്നീ വർഷങ്ങളിലെ കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പ്രകാരം താഴെപ്പറയുന്ന അപാകങ്ങൾ ഉണ്ട്.

1. മേൽപ്പറഞ്ഞ കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പ്രകാരം ഏതാനും വാസഗൃഹങ്ങൾക്ക് കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ / കാലാവധി | അധിക നിർമ്മാണത്തിനായി അനുമതി നൽകിയ തറവിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണം (ച.മീ) |
|---|---|---|---|---|---|
| 1 | 3/340 | രാജൻ | 1487/17-18<br>20.03.17 To 19.03.20 | GF(existing)- 172.51<br>FF(proposed)-37.04 | GF(existing)-80<br>GF(existing)-28 |
| 2 | 9/461 | വിപിൻ ലാൽ | 2140/18-19<br>11.05.17 To 10.05.20 | GF(existing)-51.5<br>FF(proposed)-79.66 | 51.5 |
| 3 | 11/226 A | മിനി കിഴക്കയിൽ | 2960/18-19<br>04.08.18 To 03.08.21 | GF(existing)-69.4<br>Extended Area-74.58 | GF(existing)-69.4<br>GF(Proposed)-32.41 |
| 4 | 13/120 A | ഖാലിദ് | 3841/18-19<br>11.11.19 To 10.07.21 | GF(existing)-133.37<br>Extended Area-263.44 | GF(existing)-133.37<br>FF(Proposed)-13.82 |
| 5 | 1/48 A | ശാന്ത | 3330/18-19<br>18.05.19 To 17.05.22 | GF(existing)-32.13<br>Extended Area-40.25 | GF(existing)--32.13 |

ഇതു സംബന്ധിച്ച് 19/22-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ചിട്ടുള്ളവരുടെ കെട്ടിട നിർമാണം പൂർത്തിയായിട്ടുണ്ടോ, അനധികൃത നിർമ്മാണം നടത്തിയിട്ടുണ്ടോ എന്നത് പരിശോധിച്ച് സ്വീകരിച്ച തുടർനടപടികളുടെ

വിവരങ്ങൾ അറിയിക്കേണ്ടതാണ്. വാർഡ് തലത്തിൽ ക്ലർക്കുമാർ ഫീൽഡ് തല പരിശോധന നടത്തി കൂട്ടിചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർ നിർണയം നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതുമാണ്. ക്രമ നമ്പർ ഒന്നിൽ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള നിലവിലുള്ള തറ വിസ്തീർണ്ണം സഞ്ചയയിലെ തറ വിസ്തീർണത്തേക്കാൾ കൂടുതലാണ്. ആയതിന് അനുസരിച്ച വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.

2. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 384 ആണ്. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ അനധികൃത കെട്ടിടങ്ങൾ ഒന്നും തന്നെ ഇല്ല എന്നാണ് കാണാൻ സാധിച്ചത്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

കേരള പഞ്ചായത്ത് രാജ് ആക്ട് 235 Z പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ മേൽ ചുമത്തേണ്ട പിഴ സംബന്ധിച്ച് താഴെ പറയുന്ന പ്രകാരം വ്യവസ്ഥ ചെയ്യുന്നു.

ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ പുനർനിർമ്മാണമോ മാറ്റം വരുത്തലോ,

(എ) സെക്രട്ടറിയുടെ അനുവാദം കൂടാതെ ആരംഭിക്കുകയോ,

(ബി) അനുവാദത്തിന് ആധാരമായ സംഗതികൾ അനുസരിച്ചല്ലാതെ നടത്തിക്കൊണ്ടിരിക്കുകയോ പൂർത്തിയാക്കുകയോ,

(സി) ഈ ആക്ടിലെ ഏതെങ്കിലും വ്യവസ്ഥയോ അതിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിനോ ബൈലോയ്ക്കോ നിയമാനുസൃതം നൽകിയിട്ടുള്ള ഏതെങ്കിലും നിർദ്ദേശത്തിനോ ആവശ്യപ്പെടലിനോ വിരുദ്ധമായിട്ടോ നടത്തിക്കൊണ്ടിരിക്കുകയോ പൂർത്തിയാക്കുകയോ,

(ഡി) തൽസംബന്ധമമായി 235 എൻ വകുപ്പ് പ്രകാരം പുറപ്പെടുവിച്ച നോട്ടീസിൽ ആവശ്യപ്പെട്ടിരിക്കുന്ന മാറ്റമോ കൂട്ടിചേർക്കലോ യഥാവിധി വരുത്താതിരിക്കുകയോ,

(ഇ) തൽസംബന്ധമായി 235 ഡബ്ല്യു വകുപ്പ് പ്രകാരം സെക്രട്ടറി ഏതെങ്കിലും ആളിന് നൽകിയ നിർദ്ദേശം അനുസരിക്കുന്നതിൽ അയാൾ വീഴ്ച വരുത്തുകയോ ചെയ്യുന്ന സംഗതിയിൽ,

കെട്ടിടത്തിന്റെ ഉടമസ്ഥനിൽ നിന്നോ അങ്ങനെയുള്ള ആളിൽ നിന്നോ, അതതു സംഗതിപോലെ, കുറ്റസ്ഥാപനത്തിൻമേൽ, ഒരു കെട്ടിടത്തെ സംബന്ധിച്ചാണെങ്കിൽ പതിനായിരം രൂപ വരെയാകാവുന്ന പിഴയും കുടിലിനെ സംബന്ധിച്ചാണെങ്കിൽ ആയിരം രൂപ വരെ ആകാവുന്ന പിഴയും കുറ്റം തുടർന്ന് പോകുന്ന ഓരോ ദിവസത്തിനും, കെട്ടിടത്തെസംബന്ധിച്ചാണെങ്കിൽ ആയിരം രൂപ വരെയും കുടിലിനെ സംബന്ധിച്ചാണെങ്കിൽ പത്ത് രൂപ വരെയും ആകാവുന്ന അധികം പിഴയും ഈടാക്കാവുന്നതാണ്.

എന്നാൽ, കെട്ടിടത്തിന്റെ നിർമ്മാണമോ പുനർനിർമ്മാണമോ, 235 ഡബ്ല്യു വകുപ്പ് പ്രകാരം ക്രമവത്ക്കരിക്കാവുന്നതും അപ്രകാരം സെക്രട്ടറി ക്രമവത്ക്കരിച്ചിട്ടുള്ളതാണെങ്കിൽ ഈ ഉപവകുപ്പ് പ്രകാരം യാതൊരാളെയും കുറ്റസ്ഥാപനം നടത്താൻ പാടുള്ളതല്ല.

ഇത് പ്രകാരം കെട്ടിടം നിർമ്മാണം ആരംഭിച്ചപ്പോഴോ, കെട്ടിട നിർമ്മാണം നടക്കുന്ന വേളയിലോ ഗ്രാമപഞ്ചായത്തിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ മാത്രമാണ് കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ പ്രകാരം വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കാനാവുന്നത്. നിയമവിധേയമല്ലാത്ത നിർമ്മാണങ്ങൾ തടയുന്നതിനും സമയബന്ധിതമായ ഇടപെടലുകൾ അത്യാവശ്യമാണ്.

അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതിലെ വീഴ്ചയുണ്ടായത് സംബന്ധിച്ച് 11/25-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കണ്ടത്തിൽ രാജൻ എന്നവരുടെ ഉടമസ്ഥതയിലുള്ള 5/17/F (UA), 5/17/G (UA), 5/17/H (UA),5/17/I (UA) എന്നീ കെട്ടിടങ്ങൾ 2022-23 വർഷം യഥാർത്ഥ നികുതിയുടെ മൂന്നിരട്ടി അടച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട് 235 Z വ്യവസ്ഥ പ്രകാരമുള്ള നടപടിയോ/കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)ലെ വ്യവസ്ഥ പ്രകാരമുള്ള നടപടിയോ സ്വീകരിക്കേണ്ടതാണ്. കെട്ടിട ഉടമയിൽ നിന്നും പിഴ ഈടാക്കുകയോ നോട്ടിസ് നല്കുകയോ ചെയ്യാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി നടപടികൾ സ്വീകരിച്ച് തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്ന് വസ്തുനികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207(ബി) എ പ്രകാരം സർക്കാർ അംഗീകാരമുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾ വസ്തുനികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | കെട്ടിട നമ്പർ | കുടിശ്ശിക |
|---|---|---|---|
| 1 | അൽ ഇസ് ലാഹ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | 11/491 To 500 | 2013-14 First Half മുതൽ |
| 2. | ഇന്റർ നാഷണൽ ഇന്ത്യൻ സ്കൂൾ | 9/168, 169, 170 | 2013-14 First Half മുതൽ |

മേൽ പട്ടികയിൽ പറഞ്ഞിട്ടുള്ള അൺ-എയ്ഡഡ് സ്കൂളുകളിൽ നിന്ന് വസ്തുനികുതി ഈടാക്കാത്തത് സംബന്ധിച്ച് 21/13-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അൽ ഇസ് ലാഹ് ഇംഗ്ലീഷ് മീഡിയം സ്കൂൾ മദ്രസയായി പ്രവർത്തിച്ച വന്നിരുന്ന കെട്ടിടങ്ങളാണ് എന്നാണ് അറിയിച്ചത്. ആയതിലേക്ക് കൂടുതൽ അന്വേഷണം ആവശ്യമാണ്. മേൽപ്പറഞ്ഞിട്ടുള്ള അൺ എയ്ഡഡ് സ്കൂളിൽ നിന്നും വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ 2022-2027 സ്റ്റാറ്റസ് റിപ്പോർട്ടിലെ ഭാഗം 1 ഫോറം 1-1 ൽ ചേർത്ത വിവരങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ വിശദ വിവരങ്ങളും ആയവയിൽ നിന്നും വസ്തു നികുതി ഈടാക്കുന്നുണ്ടോ എന്നുള്ളതും അറിയിക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത വിഷയത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന മറ്റ് അൺ എയ്ഡഡ് സ്ഥാപനങ്ങളെ കണ്ടെത്തി ആയവ വസ്തുനികുതി അടവാക്കുന്നില്ലെങ്കിൽ കുടിശ്ശിക സഹിതം വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-14 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലെ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്താവുന്നതാണെന്നും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്നും നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിനെ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ തറ വിസ്തീർണം 250 ചതുരശ്ര മീറ്ററിൽ അധികം വരികയാണെങ്കിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് (2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സാർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം) വസ്തു നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം ചില കെട്ടിടങ്ങളുടെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല. ഉദാഹരണം താഴെ കൊടുക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ.) | നിർമ്മാണ വസ്തു |
|---|---|---|---|
| നസറിയ | 10/86 B, C, D, E, F, G, H, J, K, L, M, N, P, Q, R, S | 511.74 | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ Etc. |

പ്രസ്തുത വസ്തു നികുതി നിർണ്ണയത്തിൽ തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ ലഭ്യമാകേണ്ടിയിരുന്ന 15% വർദ്ധനവ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് 16/22-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഓരോ കെട്ടിടത്തിനും 250 ചതുരശ്ര മീറ്ററിൽ അധികം വിസ്തൃതി വന്നാൽ മാത്രമെ തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധന ബാധകമായി വരുന്നുള്ളൂ എന്നാണ് മറുപടി ലഭ്യമാക്കിയത്. ആയത് അംഗീകരിക്കാവുന്നതല്ല. കെട്ടിടങ്ങൾ ഒറ്റ യൂണിറ്റായി കണക്കാക്കുമ്പോൾ 511.74ച. മീ. ഉള്ളതിനാൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഓരോ കെട്ടിടങ്ങൾക്കും 100 ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന

ഉപയോഗക്രമം രേഖപ്പെടുത്തേണ്ടതും മൊത്തം ഏരിയ ഒറ്റ യൂണിറ്റായി കണക്കാക്കി നികുതിനിർണ്ണയം നടത്തേണ്ടതുമാണ്. ആകെ തറ വിസ്തീർണം 250 ച. മീറ്ററിൽ അധികം വരികയാണെങ്കിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് (2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സാർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം) വസ്തു നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഈ രീതിയിലുള്ള മുഴുവൻ നിർമ്മാണങ്ങളും പരിശോധിച്ച് തറ നിർമ്മിതിക്കുള്ള വർധനവ് ബാധകമാകുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

## 1-15 കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലെ വ്യത്യാസം

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ 2022-23 കാലയളവിൽ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് എടുത്ത വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സ്ഥാപന വിവരം | വാർഡ്/കെട്ടിട നമ്പർ | സഞ്ചയയിൽ രേഖപ്പെടുത്തിയ ഉപയോഗക്രമം |
|---|---|---|---|---|
| 35 | രാഹുൽ. സി. ആർ | സ്റ്റേഷനറി | 2/339 | പാർപ്പിടാവശ്യം |
| 51 | മുഹമ്മദ് | സ്റ്റേഷനറി | 15/418 | പാർപ്പിടാവശ്യം |
| 55 | സുരേന്ദ്രൻ. വി | സ്റ്റേഷനറി | 9/157 | പാർപ്പിടാവശ്യം |
| 57 | പുരുഷു. കെ. കെ | ഇലക്ട്രോണിക്സ് | 16/436 | പാർപ്പിടാവശ്യം |
| 28 | അഹമ്മദ് | സ്റ്റിച്ചിങ്ങ് സെന്റർ | 11/159 A B O | സഞ്ചയയിൽ ലഭ്യമല്ല |
| 29 | ഹമീദ് | വർക്ക് ഷോപ്പ് | 11/5 | നികുതി ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 30 | മുനീർ. കെ. പി | ജ്വല്ലറി | 11/ 2, 3 | നികുതി ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 31 | ടി. പി. ചന്ദ്രി | സ്റ്റേഷനറി | 14/491 | സഞ്ചയയിൽ ലഭ്യമല്ല |
| 33 | നന്തോൻ | ഹോട്ടൽ | 10/761 | സഞ്ചയയിൽ ലഭ്യമല്ല |
| 39 | രമേഷ്. പി.പി | മൊബൈൽ ഷോപ്പ് | 11/4 | നികുതി ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 53 | വിനോദൻ.കെ.കെ | ജ്വല്ലറി | 15/705 | സഞ്ചയയിൽ ലഭ്യമല്ല |
| 54 | സുജാത | ഫർണിച്ചർ കട | 14/526 | സഞ്ചയയിൽ ലഭ്യമല്ല |
| 56 | രതീഷ് | ജ്വല്ലറി | 14/525 A | സഞ്ചയയിൽ ലഭ്യമല്ല |
| 159 | ശാരദ. എ. പി | ആയുർവേദ മരുന്ന് വില്പന | 14/498 | സഞ്ചയയിൽ ലഭ്യമല്ല |

ഉപയോഗക്രമം സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് 17/22-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

മുഴുവൻ കെട്ടിടങ്ങളുടെയും കെട്ടിട നമ്പർ ലൈസൻസ് രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തിയതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. അപേക്ഷ സമർപ്പിക്കുമ്പോൾ ആയതിന്റെ കൃത്യത പരിശോധിക്കേണ്ടതും ലൈസൻസ് ഫീ ഡിമാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ അതീവ ശ്രദ്ധ പുലർത്തേണ്ടതുമാണ്. കെട്ടിടങ്ങളുടെ ഉപയോഗക്രമം സംബന്ധിച്ച് ഫീൽഡ് പരിശോധന റിപ്പോർട്ട് സമർപ്പിക്കേണ്ടതും ഉപയോഗക്രമം വ്യത്യസ്തമാണെങ്കിൽ ആയതിനനസൃതമായ വസ്തു നികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 കോർപ്പറേറ്റ് സാമൂഹിക പ്രതിബദ്ധത പ്രവർത്തനങ്ങൾ-മോണിറ്റർ സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്.

കമ്പനികളും, കമ്പനികളുടെ ദൈനംദിന പ്രവർത്തനങ്ങളും, വിഭവങ്ങളും തമ്മിലുള്ള ആരോഗ്യപരമായ ഇടപെടലുകളിലൂടെ സമൂഹവുമായി ഊഷ്മള ബന്ധം നിലനിർത്തുക എന്നതാണ് കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) എന്നതു കൊണ്ട് വിവക്ഷിക്കുന്നത്. ദാരിദ്ര്യ നിർമ്മാർജ്ജനം, സാമൂഹ്യക്ഷേമം എന്നിവ മുൻനിർത്തി വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ പഞ്ചായത്തീരാജ് സംവിധാനം വഴി നടപ്പിലാക്കി വരുന്ന നിരവധി പദ്ധതികൾക്ക് വിവിധ പൊതു-സ്വകാര്യ മേഖലാ കമ്പനികൾ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് നൽകി വരികയോ, വിവിധ മേഖലകളിൽ സന്നദ്ധ പ്രവർത്തനങ്ങൾ സ്വയം ഏറ്റെടുത്തു നടപ്പിലാക്കുകയോ അല്ലെങ്കിൽ പങ്കാളിത്തം മുഖേന നടപ്പിലാക്കുകയോ ചെയ്യേണ്ടതാണ്.

2022-23 ലെ FTE & OS ലൈസൻസ് രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്തിൽ 12 ക്വാറികളും 7 സ്റ്റോൺ ക്രഷറുകളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ക്വാറി ഉടമകൾ ലഭ്യമാക്കിയ പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് പ്രകാരം ലൈസൻസ് കാലയളവിൽ (ഉത്തരവ് തീയതി മുതൽ 5 വർഷം) സി.എസ്.ആർ/സി.ഇ.ആർ (Corporate Social Responsibility/Corporate Environmental Responsibilities) പ്രവർത്തനങ്ങൾ നടത്താമെന്ന നിബന്ധനയിലാണ് പരിസ്ഥിതി ക്ലിയറൻസ് നൽകിയിട്ടുള്ളത്. ആയത് പ്രകാരം പഞ്ചായത്തുമായി സഹകരിച്ച നടപ്പിലാക്കിയ വിവിധ പദ്ധതികൾ, അവയുടെ ചെലവ് വിശദാംശങ്ങൾ, പദ്ധതികളുടെ ഫലപ്രാപ്തി എന്നിവ സംബന്ധിച്ച് വിശദ വിവരം ലഭ്യമാക്കുന്നതിന് 45/27-11-2023 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് സി.എസ്.ആർ ഫണ്ട് നിലവിൽ തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിൽ ചെലവഴിച്ചിട്ടില്ലെന്നും ഭാവിയിൽ ചെലവഴിക്കാൻ നിർദ്ദേശം നല്കുന്നതാണ് എന്ന മറുപടിയാണ് സെക്രട്ടറി നൽകിയത്. ഇത്തരം സാമൂഹ്യ ബാധ്യതാ ഫണ്ടുകൾ, തദ്ദേശ സ്ഥാപനം വഴി ചെലവഴിക്കപ്പെടുന്നതിന് പ്രോജക്ട് തയ്യാറാക്കാൻ പരിശ്രമിക്കേണ്ടതാണെന്ന് 19-04-2022 ലെ സ.ഉ(കൈ)നം.84/2022 /ത.സ്വ.ഭ.വ ഖണ്ഡിക 5.1(10) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങൾ സിഎസ്ആർ ഫണ്ട് ഉപയോഗിച്ച് സാമൂഹ്യപ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനോ, ആയത് ഉറപ്പ് വരുത്തുന്നതിനോ മോണിറ്ററിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. CSR നയങ്ങൾ വ്യവസ്ഥ ചെയ്യുന്നതു പോലെ പഞ്ചായത്തുമായി സഹകരിച്ച സാമൂഹ്യ ക്ഷേമ, പശ്ചാത്തല മേഖലകളിൽ വിവിധ തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാനുള്ള സാദ്ധ്യതകൾ അവലോകനം ചെയ്യേണ്ടതും ഗ്രാമ പഞ്ചായത്ത് ഇതിനു ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ജൈവവൈവിധ്യ ആക്ട്, 2002 വകുപ്പ് 41 (1), ജൈവവൈവിധ്യ ചട്ടങ്ങൾ, 2004, നിയമം (22), സംസ്ഥാന ജൈവവൈവിധ്യ നിയമങ്ങൾ, 2008 വകുപ്പ് (20) എന്നിവ പ്രകാരം രൂപവത്കരിച്ചിട്ടുള്ള എട്ട് പേരടങ്ങുന്ന ഒരു കമ്മിറ്റിയാണ് ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി (BMC). തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ (പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ) പ്രസിഡണ്ട്/ചെയർപേഴ്സൻ/മേയർ, സെക്രട്ടറി എന്നിവർ യഥാക്രമം അവിടുത്തെ BMC ചെയർ പേഴ്സൺ, സെക്രട്ടറി ആയിരിക്കും. BMC യുടെ യോഗങ്ങളിൽ വനം വന്യജീവി, കൃഷി മൃഗസംരക്ഷണം, ആരോഗ്യം, ഫിഷറീസ്, വിദ്യാഭ്യാസം, ഗവേഷണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥ പ്രതിനിധികളും കൂടാതെ സ്ഥലം MLA യും MPയും പ്രത്യേക ക്ഷണിതാക്കളായിരിക്കും. ചെയർപേഴ്സൺ, സെക്രട്ടറി, എന്നിവരെക്കൂടാതെ തദ്ദേശ സ്ഥാപനങ്ങളുടെ ഭരണ സമിതി നിർദ്ദേശിക്കുന്ന ആറ് അംഗങ്ങൾ ഈ കമ്മിറ്റിയിൽ ഉണ്ടായിരിക്കണം. ഇതിൽ രണ്ട് വനിതകളും ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരും ആയിരിക്കണം. തിരഞ്ഞെടുക്കുന്ന വ്യക്തികൾ നാട്ടുവൈദ്യൻമാർ, കർഷകർ, മത്സ്യ ബന്ധന ജീവനക്കാർ, ജൈവ വൈവിധ്യം ഉപയോഗിക്കുന്ന സംഘടനയിലെ അംഗങ്ങൾ, സാമൂഹ്യ സേവകർ, അദ്ധ്യാപകർ, ഗവേഷകർ, BMC പ്രവർത്തനങ്ങൾക്ക് ഭാഗവാക്കാവാൻ കഴിയുമെന്ന വിശ്വാസമുള്ള സന്നദ്ധ സംഘടനയിലെ വ്യക്തികൾ തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. മാത്രമല്ല നാമനിർദ്ദേശം ചെയ്യപ്പെടുന്നവർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ താമസിക്കുന്നവരും വോട്ടർ പട്ടികയിൽ പേരുള്ളവരും ആയിരിക്കണം. BMC യുടെ കാലാവധി അഞ്ച് വർഷം ആയിരിക്കും. ബയോഡൈവേഴ്സിറ്റി മനേജ്മെൻറ് കമ്മിറ്റി താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

1. അതത് പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള/ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ബന്ധപ്പെട്ട അധികാരികളെ കൃത്യ സമയത്ത് അറിയിച്ച് നിയമാനുസൃത നടപടികൾ കൈക്കൊള്ളുക.

2. പ്രാദേശികമായി ഏറ്റവും താഴ്ന്ന തലത്തിൽ പ്രാഥമിക പരിസ്ഥിതി പരിപാലനം ജനകീയമായി നടപ്പിലാക്കുക.

3. പരിസ്ഥിതി നിയമങ്ങൾ, ചട്ടങ്ങൾ, വിജ്ഞാപനങ്ങൾ ഇവയുടെ ലംഘനം, പാരിസ്ഥിതിക ശോഷണം, മനുഷ്യ ജീവനും ആരോഗ്യത്തിനും ഭീഷണിയാകുന്നതോ/ആകാവുന്നതോ ആയ പരിസ്ഥിതി സ്ഥിതിവിശേഷം ഉണ്ടാവുന്ന പക്ഷം നിയമാനുസൃതമായി മേൽനടപടി സ്വീകരിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള അധികാരികളെ വിവരം അറിയിക്കുക.

4. പരിസ്ഥിതി പരിപാലനത്തിനുള്ള നിർദ്ദേശങ്ങൾ പഞ്ചായത്ത് കമിറ്റി മുഖേന നടപ്പിലാക്കുക, പാരിസ്ഥിതി അനുമതി വ്യവസ്ഥകൾ ലംഘിക്കപ്പെടുന്ന സന്ദർഭങ്ങളിൽ നിയമാനുസൃത അധികാരസ്ഥാനങ്ങളെ അതത് സമയം അറിയിക്കുക.

5. ആരോഗ്യകരമായ പരിസ്ഥിതി സംരക്ഷണവും ശുചിത്വവും ഉറപ്പാക്കുന്നതിനായി ബോധവത്ക്കരണ പരിപാടികൾക്ക് നേതൃത്വം നൽകുക.

6. ജലസ്രോതസ്സുകളുടെ സ്വാഭാവിക സംരക്ഷണം ഉറപ്പാക്കുകയും പാരിസ്ഥിതിക ശോഷണം സംഭവിച്ചവയുടെ പുനരുജ്ജീവനത്തിനും സുസ്ഥിര സംരക്ഷണത്തിനും സാധ്യമായ ജനകീയ പദ്ധതികൾക്ക് മുൻകൈ എടുക്കുക.

7. പ്രാദേശിക തലത്തിൽ പരിസ്ഥിതി സംരക്ഷണ / ശുചീകരണ നടപടികൾക്ക് നേതൃത്വം നൽകുക.

8. പ്രാദേശികമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥപനങ്ങൾ, സാംസ്കാരിക കേന്ദ്രങ്ങൾ, പരിസ്ഥിതി സംഘടനകൾ, പരിസ്ഥിതി പ്രവർത്തകർ, സന്നദ്ധ സംഘടനകൾ എന്നിവരുമായി ചേർന്ന് അവിടുത്തെ പരിസ്ഥിതി വിഷയങ്ങളെപ്പറ്റി ചർച്ചകൾ, സെമിനാറുകൾ, ബോധവത്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.

9. പ്രദേശത്തെ പാരിസ്ഥിതി അവസ്ഥ പ്രകൃതി വിഭവങ്ങളുടെ അനധികൃത ചൂഷണം, ആവാസ വ്യവസ്ഥകളുടെ തൽസ്ഥിതി മുതലായ കാര്യങ്ങൾ നേരിട്ട് മനസിലാക്കി ബന്ധപ്പെട്ടവരെ അറിയിക്കുക.

10. പ്രാഥമിക പരിസ്ഥിതി സംരക്ഷണ നടപടികൾ ഗ്രാമ സഭയിൽ അവതരിപ്പിച്ച് തദ്ദേശ സ്ഥാപനത്തിന്റെ പദ്ധതികളിൽ ഉൾപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ചെയ്യുക.

11. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട സർക്കാർ പദ്ധതികൾ നടപ്പിൽ വരുത്തുക.

മണ്ണ്-ജലസ്രോതസ്സുകളുടെ സ്വാഭാവിക സംരക്ഷണം ഉറപ്പാക്കുകയും പാരിസ്ഥിതിക ശോഷണം സംഭവിച്ചവയുടെ പുനരുജ്ജീവനത്തിനും സുസ്ഥിര സംരക്ഷണത്തിനും സാധ്യമായ ജനകീയ പദ്ധതികൾക്ക് മുൻകൈ എടുക്കുകയും ചെയ്യുക എന്നത് ഓരോ പഞ്ചായത്തിലും നിലവിലുള്ള BMC (ബയോഡൈവേഴ്സിറ്റി മനേജ്മെൻറ് കമ്മിറ്റി) യുടെ കടമയും ഉത്തരവാദിത്തം ആണ്. BMC അതത് പ്രദേശത്തെ പരിസ്ഥിക്ക് ദോഷമായ എന്തിനെയും പ്രധിരോധിക്കേണ്ട കാവൽ സംഘം ആണ്. നമ്മുടെ നാടിന്റെ വിലപ്പെട്ട ജൈവവൈവിധ്യത്തിന്റെ കാവൽ സംഘങ്ങളായി പ്രവർത്തിക്കേണ്ട സമിതികളാണ് ജൈവവൈവിധ്യ പരിപാലന സമിതികൾ (BMC). പ്രാദേശികമായി നടക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും പരിസ്ഥിതി നശീകരണ പ്രവർത്തനങ്ങളും സത്വരമായി കണ്ടെത്തി അധികാരികളുടെ ശ്രദ്ധയിൽ കൊണ്ട് വരാൻ ഈ സമിതികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രാദേശിക ജൈവവൈവിധ്യത്തിന്റെ ആധികാരിക രേഖയായ ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കലിനും ഈ സമിതികൾ പ്രധാന പങ്കുവഹിക്കണം. ചുരുക്കി പറഞ്ഞാൽ നമ്മുടെ നാട്ടിലെ എല്ലാ പരിസ്ഥിതി വിരുദ്ധ പ്രവർത്തനങ്ങളുടെയും ഉത്തരവാദിത്തം മേൽ പറഞ്ഞ കാവൽ സംഘത്തിന്റെതാണ്. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് 12 ക്വാറികളും 7 സ്റ്റോൺ ക്രഷറുകളും പ്രവർത്തിക്കുമ്പോൾ പരിസ്ഥിതി ആഘാതം സൃഷ്ടിക്കുന്നില്ല എന്ന് ബയോഡൈവേഴ്സിറ്റി മനേജ്മെന്റ് കമ്മിറ്റി ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന് ആവശ്യപ്പെട്ട് എൻക്വയറി നല്കിയെങ്കിലും ഈ കാര്യത്തിൽ സെക്രട്ടറി മറുപടിയൊന്നും അറിയിച്ചിട്ടില്ല. ബയോഡൈവേഴ്സിറ്റി മനേജ്മെൻറ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-17 ഇ-ടെണ്ടർ ഫീ - ജില്ലാ പഞ്ചായത്തിൽ നിന്നും മുഴുവൻ തുകയും തിരികെ ലഭിച്ചില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ളതും തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിന് ഇതു വരെ കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും ടെണ്ടർ ഫീയിനത്തിൽ ലഭിക്കാൻ ബാക്കിയുള്ളതുമായ ₹1,16,824 യുടെ വർഷം തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | ലഭിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|
| 1 | 2015-16 | 24080 |

| | | |
|---|---|---|
| 2 | 2016-17 | 10650 |
| 3 | 2018-19 | 28650 |
| 4 | 2019-20 | 27442 |
| 5 | 2020-21 | 26002 |
| | ആകെ | 116824 |

₹1,16,824 കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 തനത് വരുമാനം-ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച അവലോകനം.

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം സംബന്ധിച്ച നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള നടപടികളും തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങളും ചുവടെ കൊടുക്കുന്നു.

01-04-2022 മുതൽ 31-03-2023 വരെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 15 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വസ്തു നികുതി സംബന്ധിച്ചും വസ്തു നികുതി പുരോഗതി സംബന്ധിച്ചും ചർച്ച ചെയ്തിട്ടുണ്ട്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

I. വസ്തു നികുതി

സ.ഉ(കൈ)നം.77/2023/തസ്വഭവ, 22-03-2023 പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശം പാലിച്ച് പുതിയ വസ്തു നികുതി നിരക്കുകളുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് (222/16-08-2023). നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാ വിഭജനം പുനർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. 01-06-2022 ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

II. അനധികൃത നിർമ്മാണം

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവത്ക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി എടുക്കുന്നില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല. ഇത്തരത്തിൽ തനത് വരുമാനവർദ്ധവിനുതകുന്ന നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ആയതിന്മേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 384 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി

നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവത്ക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

III. സേവന ഉപനികുതി

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

IV. തൊഴിൽനികുതി.

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തിലെ ഫാക്ടറികൾ,വ്യാപാരങ്ങൾ, സംരംഭങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്കായുള്ള ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ലൈസൻസ് ലഭിച്ച ഒന്നിൽക്കൂടുതൽ പേർ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാത്ത കേസുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ നികുതിക്ക് വിധേയമായ വരുമാന പരിധിയിൽ വരുന്ന ആരും തന്നെ നികുതി ഒടുക്കാതെ ഒഴിവായിപ്പോകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

V. FTE&OS (Factory, Traders, Enterprenurship & Other Services) ലൈസൻസ്

FTE&OS ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ (കൈ) നം. 84/22 തസ്വഭവ തീയതി 19-04-2022 ഉത്തരവ് ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിതശ്രമം നടത്തേണ്ടതാണ്.

## 1-19 കോക്ലിയർ ഇംപ്ലാന്റിന്റെ മെയിന്റനൻസിന് തുക കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 159/23<br>കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന്<br>തുക കൈമാറൽ |
| അടങ്കൽ | ₹50000 വികസന ഫണ്ട് – ജനറൽ |
| ചെലവ് | ₹50000 ബിൽ നമ്പർ :<br>22220752009701573685/13-1-2023 |

കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ശ്രീമതി. കൃഷ്ണപ്രിയ, D/o സജീവൻ എന്ന ഗുണഭോക്താവിന്റെ അപേക്ഷ പരിഗണിച്ച് കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ₹50000 കേരള സാമൂഹ്യസുരക്ഷാമിഷന് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ഗുണഭോക്താവിന് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്ന രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് 11/21-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രത്തിനും മറ്റ് രേഖകൾക്കുമായി കേരള സാമൂഹ്യസുരക്ഷാമിഷന് കത്ത് നൽകിയിട്ടുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. വിനിയോഗ സാക്ഷ്യപത്രവും ഗുണഭോക്താവായ കുട്ടിയുടെ കേൾവിശക്തിക്കായുള്ള ഉപകരണങ്ങൾക്ക് കൃത്യമായ പരിപാലനം നടന്നു എന്ന് തെളിയിക്കുന്ന മോണിറ്ററിംഗ് സർട്ടിഫിക്കറ്റും ലഭ്യമാക്കാത്തതിനാൽ ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 09/11/2023 ലെ ഡി.എ/284/23 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഭരണ സമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 1-20 പട്ടികജാതി വനിതകൾക്ക് ഇരുചക്രവാഹനം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹157594 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ / പേര് | 182/23 പട്ടികജാതി വനിതകൾക്ക് ഇരുചക്രവാഹനം |
| അടങ്കൽ | ₹191000 വികസനഫണ്ട് – എസ് സി പി<br>₹79000 തനത് ഫണ്ട്<br>₹270000 മറ്റുള്ളവ<br>ആകെ : ₹540000 |
| ചെലവ് | ₹44338 ബിൽ നമ്പർ : 150/16-01- 2023<br>₹46438 ബിൽ നമ്പർ : 166/01-02-2023<br>₹44338 ബിൽ നമ്പർ : 249/15-03-2023<br>₹22480 ബിൽ നമ്പർ : 346/28-03-2023<br>ആകെ : ₹157594 വികസനഫണ്ട് – എസ് സി പി |

പട്ടികജാതി വനിതകൾക്ക് ഇരുചക്രവാഹനം എന്ന മേൽ പ്രോജക്റ്റ് പ്രകാരം വിജികല, അനശ്രീ. പി. പി, സുചിത്ര. എം, നിത്യ. സി. കെ എന്നിവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി ഇരുചക്ര വാഹനം വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.5(10) പ്രകാരം ഗുണഭോക്താക്കൾ 18 നും 59 വയസ്സിനും ഇടയിലുള്ള തൊഴിൽ രഹിതരോ ഇരുചക്ര വാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വിൽപന നടത്തുന്നവരോ അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയിരിക്കണം എന്നും നിലവിൽ ഇരുചക്ര വാഹനം/നാല് ചക്രവാഹനം സ്വന്തമായുള്ള വ്യക്തിയോ ആവരുത്, ഇരുചക്രവാഹനം ഓടിക്കാനുള്ള ലൈസൻസ് ഉണ്ടാവണം എന്നും സബ്സിഡി കണക്കാക്കേണ്ടത് വാഹന വിലയുടെ എക്സ് ഷോറും വിലയും ജി എസ് ടിയും ചേർന്ന തുകയുടെ 50% ആണെന്നും നൽകാവുന്ന പരമാവധി സബ്സിഡ് ₹50000 ആണെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. പ്രോജക്റ്റ് നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. മേൽ പ്രോജക്ടിലെ ഗുണഭോക്താവായ സുചിത്ര. എം എന്നവർ ഇരുചക്രവാഹനം വാങ്ങിയതിന്റെ കാഷ് ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രൊഫോർമ ഇൻവോയ്സിൽ കാണിച്ചിട്ടുള്ള തുകയുടെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക നിശ്ചയിച്ചിട്ടുള്ളത്. സബ്സിഡി നൽകിയത് ക്രമപ്രകാരമാണോ എന്ന് വ്യക്തമല്ല.
2. മേൽ പ്രോജക്ടിലെ ഗുണഭോക്താവായ നിത്യ. സി. കെ എന്ന ഗുണഭോക്താവിന്റെ വാഹനം വാങ്ങിയതിന്റെ ടാക്സ് ഇൻവോയ്സ് പ്രകാരം ജി എസ് ടി ഉൾപ്പെടെ ₹94876 വിലയുണ്ട്. എന്നാൽ ടി ഗുണഭോക്താവിന് ₹22480 മാത്രമാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഗുണഭോക്താവിന് അർഹമായ സബ്സിഡി അനുവദിക്കാത്തതിന്റെ കാരണം വ്യക്തമല്ല.
3. ഗുണഭോക്താക്കൾ ഇരുചക്രവാഹനത്തിൽ റെഡിമെയ്ഡ് വസ്ത്രം കച്ചവടം ചെയ്യുന്നതാണ് എന്ന സത്യപ്രസ്താവന മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. ഗുണഭോക്താക്കൾ നടത്താനുദ്ദേശിക്കുന്ന സ്വയംതൊഴിൽ പദ്ധതിയുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന പ്രൊജക്റ്റ് റിപ്പോർട്ട് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് 21/23-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നിത്യ സി എന്ന ഗുണഭോക്താവിന് നൽകാനുള്ള ബാക്കി തുക സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി ബാക്കി തുക നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. സുചിത്ര എം എന്ന ഗുണഭോക്താവിന്റെ വാഹനം വാങ്ങിയതിന്റെ കാഷ് ബിൽ, സ്വയം തൊഴിൽ സംരംഭം സംബന്ധിച്ച വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന പ്രൊജക്റ്റ് റിപ്പോർട്ട്, ഗുണഭോക്താക്കൾ ഇരുചക്രവാഹനം ഉപയോഗിച്ച് സ്വയം തൊഴിൽ ചെയ്യുന്നത് സംബന്ധിച്ച മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ₹157594 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ആരോഗ്യ ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - പ്രോജക്റ്റ് നടത്തിപ്പിലെ അപാകങ്ങൾ ₹99572 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, PHC |

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 211/23<br>ആരോഗ്യ ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| അടങ്കൽ | ₹160000 ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ₹99572 വൗച്ചർ നമ്പർ : 22201158/29-3-2023 |

ആരോഗ്യ ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്ന മേൽ പ്രൊജക്ട് പ്രകാരം തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിലെ കടവത്തൂർ, വിളക്കോട്ടൂർ, ചെറ്റക്കണ്ടി എന്നീ സബ്സെന്ററുകളിലേക്ക് കമ്പ്യൂട്ടർ, ഓഫീസ് ഉപകരണങ്ങൾ ഫർണിച്ചർ, രോഗനിർണ്ണയ ഉപകരണങ്ങൾ എന്നിവ സർക്കാർ മാനദണ്ഡ പ്രകാരം വാങ്ങി ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനാണ് ലക്ഷ്യമിട്ടിരുന്നത്. ആയത് പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുകയും ലഭ്യമായ മൂന്ന് ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെൻഡ് സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും ₹99572 യുടെ രോഗനിർണ്ണയ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ, പ്രൊക്വയർമെന്റ് മാന്വൽ പ്രകാരം മതിപ്പ് വില ₹25000 യ്ക്ക് മുകളിലും ₹100000 വരെയുമുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണെന്നും കുറഞ്ഞത് അഞ്ച് ടെണ്ടറുകളെങ്കിലും ലഭ്യമായിരിക്കണം എന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ ഇവിടെ ക്വട്ടേഷൻ നടപടികളിലൂടെയാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.
2. ലഭ്യമായ ക്വട്ടേഷനുകളിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ക്വട്ടേഷൻ അംഗീകരിച്ച പർച്ചേസിംഗ് കമ്മിറ്റി തീരുമാനം, ഭരണസമിതി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
3. മേൽ കാണിച്ച ബില്ലുകൾ പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും ബന്ധപ്പെട്ട ഉപകേന്ദ്രങ്ങൾക്ക് വിതരണം ചെയ്തതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽപറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് 36/26-11-23 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ₹99572 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 അതിദരിദ്രർക്ക് ചികിത്സയും മരുന്നും ലഭ്യമാക്കൽ -രേഖകളുടെ അഭാവത്തിൽ ₹87000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രോജക്ട് നമ്പർ / പേര് | 217/23 അതിദരിദ്രർക്ക് ചികിത്സ, മരുന്നും ലഭ്യമാക്കൽ |
| അടങ്കൽ | ₹20000 വികസന ഫണ്ട് – പൊതു വിഭാഗം<br>₹67070 തനത് ഫണ്ട്<br>₹261210 മറ്റുള്ളവ<br>ആകെ : ₹348280 |
| ചെലവ് | ₹20000 ബിൽ നമ്പർ : 339/28-03-2023 വികസന ഫണ്ട്<br>₹67000 ചെക്ക് നമ്പർ : 050210/30-3-2023 തനത് ഫണ്ട്<br>ആകെ : ₹87000 |

അതിദരിദ്രർക്ക് ചികിത്സയും മരുന്നും ലഭ്യമാക്കൽ എന്ന മേൽ പ്രൊജക്ട് പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 21-3-2023 ലെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ 5543 പ്രകാരം ₹87000 KMSCL ന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അതിദരിദ്രർക്ക് വേണ്ടി നടപ്പാക്കിയ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടവരുടെ ലിസ്റ്റ്, ടി ഗുണഭോക്താക്കൾക്ക് യഥാസമയം മരുന്ന് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല. അതിദരിദ്രർക്ക് ചികിത്സ, മരുന്നും ലഭ്യമാക്കൽ എന്ന പദ്ധതി ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച മോണിറ്ററിങ്ങ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് 35/25-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ₹87000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 കണ്ണൂർ ഫൈറ്റ്സ് ക്യാൻസർ നിയന്ത്രണ പദ്ധതി-ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല-₹ 60000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി |
| പ്രോജക്ട് നമ്പർ / പേര് | 109/23,<br>കണ്ണൂർ ഫൈറ്റ്സ് ക്യാൻസർ നിയന്ത്രണ പദ്ധതി |
| അടങ്കൽ | ₹60000 വികസന ഫണ്ട് – പൊതുവിഭാഗം |
| ചെലവ് | ₹ 60000 ബിൽ നമ്പർ : 378/31-3-2023 |

മേൽ പ്രൊജക്ട് പ്രകാരം ക്യാൻസർ രോഗ ബോധവൽക്കരണത്തിനായി ബുക്ക് ലെറ്റുകൾ പ്രിന്റ് ചെയ്യുന്നതിന് ₹60000 ചെലവഴിച്ചിട്ടുണ്ട്. ക്യാൻസർ ബോധവൽക്കരണത്തിന് ₹15000 യും സർവ്വേ, സ്റ്റേഷനറി, പരിശീലനം, അവലോകന യോഗം, സ്ക്രീനിങ്ങ് ക്ലിനിക്ക് എന്നിവക്കായി ₹45000 യുമാണ് പ്രൊജക്ട് പ്രകാരം വകയിരുത്തിയിട്ടുള്ളത്. എന്നാൽ ക്യാൻസർ ബോധവൽക്കരണ ബുക്ക് ലെറ്റ് പ്രിന്റ് ചെയ്യുന്നതിന് മാത്രമാണ് തൻവർഷം ₹60000 ചെലവഴിച്ചിട്ടുള്ളത്. ബുക്ക് ലെറ്റ് പ്രിന്റ് ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കാവ്യ പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചത് സംബന്ധിച്ച ഭരണസമിതി തീരുമാനം ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതിയിൽ വിഭാവനം ചെയ്ത മറ്റ് പ്രവർത്തനങ്ങൾ നടന്നതിന്റെ വിവരം ലഭ്യമല്ല. പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച വിശദശാംശങ്ങളും മേൽ പറഞ്ഞ ബുക്ക് ലെറ്റുകൾ വിതരണം ചെയ്തതിന്റെ വിവരവും ലഭ്യമല്ല. ഇത് സംബന്ധിച്ച് 43/27-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അംഗീകരിച്ച പ്രോജക്ടിൽ നിന്നും വ്യതിയാനമായി തുക ചെലവ് ചെയ്തതിനാലും രേഖകളുടെയും മറുപടിയുടെയും അഭാവത്തിലും ₹60000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ നടന്നതിന്റെയും പ്രൊജക്ട് ലക്ഷ്യം കൈവരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. പദ്ധതി ലക്ഷ്യം കാണുന്ന വിധം നടപ്പാക്കിയില്ലെങ്കിൽ ബന്ധപ്പെട്ടവരിൽ നിന്നും തുക തിരിച്ച് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 സ്മാർട്ട് ഐ-ഫേസ് 1-വിനിയോഗം സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമ പഞ്ചായത്തിലെ മാലിന്യം കൂടുതലായി നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ സി.സി.ടി.വി ക്യാമറ സ്ഥാപിച്ച് മാലിന്യം നിക്ഷേപം നിയന്ത്രിക്കുന്നതിനും കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിലേക്കുമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഇത്. 2022-23 വർഷം പദ്ധതിയുടെ ഒന്നാംഘട്ടമായി പൂർത്തീകരിക്കേണ്ട പ്രവൃത്തിയുടെ പ്രവർത്തന ചെലവായാണ് തുക ജില്ലാപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ജില്ലാ കലക്ടറുടെ 13-01-2023 ലെ 444/2022-23/ഡി.പി.സി/ഡി.പി.ഒ/കെ.എൻ.ആർ കത്തിലെ നിർദ്ദേശ പ്രകാരം തദ്ദേശ സ്ഥാപന ഓഫീസ് കേന്ദ്രീകരിച്ച് അടിസ്ഥാന ഇന്റർ കണക്ടിവിറ്റി സൗകര്യങ്ങളും ഒരു 4 MP നെറ്റ് വർക്ക് ക്യാമറയും 300 KVA പവർ ഓപ്റ്റിമൈസറും അടങ്ങുന്ന സംവിധാനങ്ങൾ ഒരുക്കുന്നതിന് മേൽ പദ്ധതിയിൽ വകയിരുത്തിയ തുക കണ്ണൂർ ജില്ല പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 257/23, സ്മാർട്ട് ഐ-ഫേസ് 1 |
| അടങ്കൽ | ₹177000 തനത്ഫണ്ട് |
| ചെലവ് | ₹177000 വൌച്ചർ നമ്പർ : 22201211/31-03-2023 |

പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിവരം, തുകയുടെ വിനിയോഗ വിവരം, പ്രവൃത്തി മോണിറ്റർ ചെയ്തതിന്റെ റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് 4/21-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രവൃത്തി പൂർത്തിയാക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന ജില്ലാപഞ്ചായത്തിന്റെ കത്താണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. വിനിയോഗം സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 കുടുംബാരോഗ്യകേന്ദ്രം – രോഗനിർണ്ണയസൗകര്യം മെച്ചപ്പെടുത്തൽ - പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ ₹219655 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, PHC |
| പ്രോജക്ട് നമ്പർ / പേര് | 210/23<br>കുടുംബാരോഗ്യകേന്ദ്രം-രോഗനിർണ്ണയ<br>സൗകര്യം മെച്ചപ്പെടുത്തൽ |

| | |
|---|---|
| അടങ്കൽ | ₹293019 ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ₹219655 വൗച്ചർ നമ്പർ : 22201159/29-3-2023 |

കുടുംബാരോഗ്യകേന്ദ്രം രോഗനിർണ്ണയസൗകര്യം മെച്ചപ്പെടുത്തൽ എന്ന പ്രൊജക്ട് പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്കാവശ്യമായ ലാബ് ഉപകരണങ്ങൾ, ടെസ്റ്റ് കിറ്റുകൾ, പാപ്സ്മിയർ അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനാണ് മേൽ പ്രോജക്ട്. ആയതിന് ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെൻഡ് സർജിക്കൽസ്, ലീഡ് കെമിക്കൽസ് എന്നീ സ്ഥാപനങ്ങളുടെ ക്വട്ടേഷൻ അംഗീകരിച്ച് ലാബ് ഉപകരണങ്ങൾ, ടെസ്റ്റ് കിറ്റുകൾ മുതലായവ വാങ്ങിയിട്ടുണ്ട്. പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. വാങ്ങാനുദ്ദേശിക്കുന്ന സാധനങ്ങളുടെ മതിപ്പ് വില ആകെ ഒരു ലക്ഷം രൂപയിൽ കൂടുതൽ വരുന്ന സന്ദർഭങ്ങളിൽ ഓപ്പൺ ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണ്. എന്നാൽ ഇവിടെ സാധനങ്ങൾ വ്യത്യസ്ത ക്വട്ടേഷനുകൾ ക്ഷണിച്ചാണ് വാങ്ങിയിട്ടുള്ളത്.

2. ലഭ്യമായ ക്വട്ടേഷനുകളിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ക്വട്ടേഷൻ അംഗീകരിച്ച പർച്ചേസിംഗ് കമ്മിറ്റി തീരുമാനം, ഭരണസമിതി തീരുമാനം എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

3. മേൽ കാണിച്ച ബില്ലുകൾ പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമായിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് 37/26-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ₹219655 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 പി എച്ച് സി മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല-₹188164 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രോജക്ട് നമ്പർ / പേര് | 41/23 പി എച്ച് സി മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹13,00,000 മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം |
| ചെലവ് | ₹1000000 ബിൽ നമ്പർ : 41/27-7-2022<br>₹37988 ബിൽ നമ്പർ : 294/24-3-2023<br>₹262012 ബിൽ നമ്പർ 291/24-3 -2023<br>ആകെ : ₹1300000 |

മേൽ പ്രൊജക്ട് പ്രകാരം തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത് പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് ₹1300000 ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ | പ്രഫോർമ ഇൻവോയിസ് | മരുന്ന് വാങ്ങുന്നതിന് നൽകിയ തുക ₹ | ലഭ്യമായ മരുന്നിന്റെ വില ₹ | ലഭിക്കാനുള്ള മരുന്നിന്റെ വില ₹ |
|---|---|---|---|---|---|
| 1 | 41/27-7-22 | PRF 517/29-6-23 | ₹ 1000000 | 863559 | 136441 |
| 2 | 291/24-3-23 | PRF 5476/20-3-23 | ₹222316 | 170593 | 51723 |
| 3 | | OMN 0521/16-3-23 | 39696 | 39696 | - |
| 4 | 294/24-3-2023 | 22698/24-3-23 | 37988 | 37988 | - |
| | ആകെ | | 1300000 | 1111836 | 188164 |

₹188164 യുടെ മരുന്നുകൾ ഇതുവരെയും ലഭ്യമാകാത്തത് സംബന്ധിച്ച് 41/27-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാവാത്തതിനാൽ ₹188164 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 സാന്ത്വന പരിചരണം-മുഴുവൻ മരുന്നുകളും ലഭ്യമായില്ല ₹40365 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| പ്രോജക്ട് നമ്പർ / പേര് | 42/23 സാന്ത്വന പരിചരണം |
| അടങ്കൽ | ₹749440 വികസന ഫണ്ട് – പൊതു വിഭാഗം |
| ചെലവ് | ₹67060 ബിൽ നമ്പർ : 4/29-6-2022<br>₹37570 ബിൽ നമ്പർ : 9/27-8-2022<br>₹52870 ബിൽ നമ്പർ : 10/24-9-2022<br>₹52870 ബിൽ നമ്പർ : 12/11-10-2022<br>₹52870 ബിൽ നമ്പർ : 17/29-10-2022<br>₹52870 ബിൽ നമ്പർ : 21/9-12-2022<br>₹52370 ബിൽ നമ്പർ : 25/7-1-2023<br>₹200000 ബിൽ നമ്പർ : 31/ 28-1-2023<br>₹5000 ബിൽ നമ്പർ : 33/10-2-2023<br>₹51370 ബിൽ നമ്പർ : 35/20-2-2023<br>₹37870 ബിൽ നമ്പർ : 43/13-3-2023<br>₹37870 ബിൽ നമ്പർ : 44/20-3-2023<br>ആകെ : ₹700590 |

മേൽ പ്രൊജക്ട് പ്രകാരം തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് സാന്ത്വന പരിചരണത്തിനായി മേൽ കാണിച്ച ബിൽ നമ്പർ 31/28-1-2023 പ്രകാരം മരുന്ന് വാങ്ങുന്നതിന് ₹200000 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ PRF-2108/9-11-2022 അനുസരിച്ച് KMSCLന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ₹159635 യുടെ മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ മാത്രമേ പരിശോധനയ്ക്ക് ലഭ്യമായിട്ടുള്ളൂ. ₹40365 യുടെ മരുന്നുകൾ ലഭ്യമാവാൻ ബാക്കിയുണ്ട്. ഇത് സംബന്ധിച്ച് 42/27-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമായിട്ടില്ല. മുഴുവൻ മരുന്നും ലഭ്യമാക്കാത്തതിനാൽ ₹40365 (200000-159635)യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 142/23<br>പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | ₹200000 വികസനഫണ്ട് – എസ് സി പി |
| ചെലവ് | ₹50000 ബിൽ നമ്പർ 135/05-01-2023 |

പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന മേൽ പ്രോജക്ട് പ്രകാരം പ്രജ്വൽ. സി.കെ എന്ന വിദ്യാർത്ഥിക്ക് പഠനമുറി നിർമ്മാണത്തിനായി വിദ്യാർത്ഥിയുടെ പിതാവായ സുധീർ എന്നവരുടെ അക്കൗണ്ടിലേക്ക് പഠനമുറി നിർമ്മാണത്തിനുള്ള അഡ്വാൻസായി ₹50000 നൽകിയിട്ടുണ്ട്. പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി.28-5-22) ഖണ്ഡിക 7.2.13 പ്രകാരം പട്ടകജാതി വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കാൻ വീടിനോടനുബന്ധിച്ച് സൗകര്യം ഉണ്ടെങ്കിൽ 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത നിലവിലുള്ള വീടിനോട് ചേർന്ന് പരമാവധി 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കാവുന്നതാണ്. ആകെ ധനസഹായമായ 2 ലക്ഷം രൂപയിൽ ₹50000 അഡ്വാൻസായി നൽകാം എന്നും ₹75000 വീതമുള്ള രണ്ട് ഗഡുക്കളായി ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ തുടർന്ന് നൽകാവുന്നതാണ് എന്നും എല്ലാ തലത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പദ്ധതി ഏറ്റെടുക്കാവുന്നതാണ് എന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. മേൽ ഗുണഭോക്താവിന് നിർമ്മിക്കാനുദ്ദേശിക്കുന്ന പഠനമുറിയുടെ വിസ്തീർണ്ണം 120 ചതുരശ്ര അടിയിൽ അധികരിക്കുന്നില്ല എന്ന വ്യക്തമാക്കുന്ന പഠനമുറിയുടെ പ്ലാൻ, പഠനമുറി നിർമ്മാണത്തിന് വേണ്ടി എടുത്ത എക്സ്റ്റൻഷൻ പെർമിറ്റിന്റെ വിവരങ്ങൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 15/24-11-2023

പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അഡ്വാൻസ് തുക മാത്രമാണ് നൽകിയത് എന്നും പഠനമുറിയുടെ പ്ലാൻ, പെർമിറ്റ് എന്നിവ അടുത്ത ഗഡു നൽകുമ്പോൾ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയതിന് ശേഷമാണ് അഡ്വാൻസ് അനുവദിച്ചത് എന്നും ബാക്കി തുക നൽകുമ്പോൾ രേഖകൾ സമർപ്പിക്കുന്നതാണ് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. പഠനമുറിയുടെ അഡ്വാൻസ് കൈപ്പറ്റി നാളിതു വരെ ഗുണഭോക്താവ് പെർമിറ്റ് എടുക്കുകയോ പ്ലാൻ സമർപ്പിക്കുകയോ തുടർ ഗഡുക്കളായി തുക അനുവദിക്കുകയും ചെയ്തിട്ടില്ല. ആയതിനാൽ അഡ്വാൻസായി നൽകിയ ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 എം.സി.എഫ് വൈദ്യുതീകരണം പൂർത്തീകരണവിവരമില്ല ₹932956 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 20/23 എം.സി.എഫ് വൈദ്യുതീകരണം (സ്പിൽ ഓവർ) |
| അടങ്കൽ | ₹1044800 വികസനഫണ്ട് -ജനറൽ |
| ചെലവ് | ₹932956 ബിൽ നമ്പർ & തീയ്യതി : 203/16-02-2023 |

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ എം.സി.എഫിന്റെ വൈദ്യുതീകരണം-ലൈൻ വലിക്കൽ പദ്ധതിയുടെ പ്രവൃത്തിക്കായി കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, പാറാട് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ₹932956 കെ.എസ്.ഇ.ബിക്ക് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിവരമോ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരമോ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 5/21-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്നും പൂർത്തീകരിക്കുന്ന മുറക്ക് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും എന്ന മറുപടിയാണ് നൽകിയിയത്. പ്രോജക്ട് പൂർത്തിയാക്കാത്തതിനാൽ ₹932956 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രം, തുക വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾ സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 09-03-2022, 10-07-2022 തീയതികളിലെ സർക്കുലർ നമ്പർ യഥാക്രമം ഡിഎ1 64/22, 179/22 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 1-30 കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് ഫർണിച്ചറും ഉപകരണങ്ങളും വാങ്ങൽ -സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയില്ല ₹987673 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി. എച്ച്. സി. |
| പ്രോജക്ട് നമ്പർ / പേര് | 209/23<br>കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് ഫർണിച്ചറും ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ₹10,00,000 മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം |
| ചെലവ് | ₹6,11,753 ബിൽ നമ്പർ : 370/17-3-2023<br>₹3,75,920 ബിൽ നമ്പർ : 320/28-3-2023<br>ആകെ : ₹987673 |

മേൽ പ്രോജക്ട് പ്രകാരം തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് ARTCOയിൽ നിന്നും ₹987673 യുടെ ഫർണിച്ചറും ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ഇതിനായി ARTCOവിന്റെ SBI തമ്പാനൂർ ബ്രാഞ്ചിലെ അക്കൗണ്ട് നമ്പർ 37438258360 ലേക്ക് മേൽ ബില്ലുകൾ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 44/27-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഫർണിച്ചറും ഉപകരണങ്ങളും സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ₹987673 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 തുടർ സാക്ഷരത-വിവരങ്ങൾ ലഭ്യമല്ല ₹35750 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്റ്റ് നമ്പർ / പേര് | 131/23 തുടർ സാക്ഷരത പ്രവർത്തനങ്ങൾ |
| അടങ്കൽ | ₹139650 വികസന ഫണ്ട് പൊതു വിഭാഗം<br>₹10350 തനത് ഫണ്ട്<br>ആകെ : ₹150000 |
| ചെലവ് | ₹35750<br>ബിൽ നമ്പർ : 22220752009800703456/28-10-22<br>വികസന ഫണ്ട് |

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ 7, 10, 12 ക്ലാസുകളിലെ തുല്യതാ പഠിതാക്കൾക്കുള്ള രജിസ്ട്രേഷൻ ഫീ, കോഴ്സ് ഫീ, വിവധ ഭാഷാ കോഴ്സുകൾ, പാഠപുസ്തകം(ക്ലാസ്സ് 4, 7) പഠിതാക്കളുടെ സംഗമം, വിവിധ ദിനാചരണ പരിപാടികൾ എന്നിവ നടത്തുന്നതിനു വേണ്ടിയുള്ള പദ്ധതിയാണിത്. പ്രോജക്റ്റ് പ്രകാരം പത്താം തരം തുല്യത, പ്ലസ് ടു തുല്യത പരീക്ഷ എഴുതുന്നവർക്കുള്ള കോഴ്സ് ഫീ, രജിസ്ട്രേഷൻ ഫീ, അഡ്മിഷന് ഫീ എന്നിവയ്ക്കായാണ് താഴെ പറയും പ്രകാരം തുക അനുവദിച്ചിരിക്കുന്നത്.

| കോഴ്സ് | ഒരാളുടെ ഫീ ₹ | പഠിതാക്കളുടെ എണ്ണം | തുക ₹ |
|---|---|---|---|
| പത്താം തരം | 1850 | 9 | 16650 |
| ഹയർ സെക്കണ്ടറി (+1) | 2500 | 5 | 12500 |
| ഹയർ സെക്കണ്ടറി (+2) | 2200 | 3 | 6600 |
| ആകെ | | | 35750 |

ഗുണഭോക്താക്കളുടെ ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും ആർക്കൊക്കെയാണ് മുകളിൽ കൊടുത്ത പ്രകാരം തുക അനുവദിച്ചതെന്ന് വ്യക്തമല്ല. പ്രസ്തുത ഗുണഭോക്താക്കൾ കോഴ്സ് പൂർത്തീകരിച്ചതിന്റേയും, പരീക്ഷ എഴുതിയതിന്റെയും വിശദവിവരം ലഭ്യമാക്കിയിട്ടില്ല. കേരള സാക്ഷരതാമിഷനും അതോറിറ്റിയും തുക കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 33/25-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹35750 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 പിഎച്ച് സിക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ - രേഖകൾ ലഭ്യമാക്കിയില്ല ₹155961 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, PHC |
| പ്രോജക്റ്റ് നമ്പർ / പേര് | 185/23 പിഎച്ച് സിക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ |
| അടങ്കൽ | ₹170000 മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം |
| ചെലവ് | ₹ 35040 ബിൽ നമ്പർ : 202/16-02-2023<br>₹65967 ബിൽ നമ്പർ : 224/04-03-2023<br>₹ 54954 ബിൽ നമ്പർ : 144/12-01-2023<br>ആകെ : ₹155961 |

പിഎച്ച് സിക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ എന്ന മേൽ പ്രൊജക്റ്റ് പ്രകാരം സർക്കാർ ഓട്ടോണമസ് സ്ഥാപനങ്ങളിൽ നിന്നും റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്നും കമ്പ്യൂട്ടർ, പ്രിന്റർ, യു പി എസ് എന്നിവ വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. പ്രൊജക്റ്റ് നടപ്പാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. കെൽട്രോണിൽ നിന്നും ലഭ്യമായ പ്രൊഫോർമ ഇൻവോയ്സ് നമ്പർ 44365/7-11-2022, പ്രൊഫോർമ ഇൻവോയ്സ് നമ്പർ 42467/16-11-2022 എന്നിവ പ്രകാരം മൾട്ടിഫങ്ഷൻ പ്രിന്ററിന്റെ വിലയായ ₹35040 യും കമ്പ്യൂട്ടറിന്റെ വിലയായ ₹54954 യും മേൽ കാണിച്ച ബില്ലുകൾ പ്രകാരം കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ – 799011400003959) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ലഭ്യമായതിന്റെ കാഷ് ഇൻവോയ്സും ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
2. കെൽട്രോണിന്റെ ടാകസ് ഇൻവോയ്സ് നമ്പർ ITP/15270/22-23/9-2-2023 പ്രകാരം ₹65967 യുടെ യു പി എസ് ലഭ്യമായിട്ടുണ്ട്. എന്നാൽ ആയത് സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് 34/25-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ

ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ₹155961 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 എസ്.എസ്.കെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്.

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്ന എസ്.എസ്.കെ വിഹിതം കൈമാറൽ എന്ന പ്രോജക്ടുമായി (പ്രോജക്ട് നമ്പർ 125/23) ബന്ധപ്പെട്ട് ലഭ്യമാക്കിയ എസ് എസ് കെ യുടെ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തികവർഷം വരെയുള്ള കാലയളവിൽ എസ് എസ് കെ വിഹിതത്തിൽ ₹35,26,182 ഗ്രാമപഞ്ചായത്ത് കുടിശ്ശിക വരുത്തിയിട്ടുണ്ട്. ഇപ്രകാരം ₹35,26,182 കുടിശ്ശികയുണ്ടാകുവാനുള്ള സാഹചര്യം വ്യക്തമാക്കുന്നതിന് 10/21-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് കുടിശ്ശിക വന്നതെന്ന മറുപടിയാണ് സെക്രട്ടറി നൽകിയത്. GO(MS) 84/2022/LSGD Dt 19.04.2022 ഖ 8.6.3 പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണപങ്കാളിത്തത്തോടെ ആയിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്തൊക്കെയാണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. പദ്ധതി തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ രേഖകൾ, ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ, വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ, എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നതിന് 10/21-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബന്ധപ്പെട്ടവരോട് വിവരം നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലഭിക്കുന്ന മുറക്ക് ഹാജരാക്കാമെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. എസ്.എസ്.കെ. പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്.

## 1-34 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ മുഴുവനായും പാലിക്കുന്നില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ/പേര് | 133/23 വയോജനങ്ങൾക്ക് കട്ടിൽ വിതരണം |
| അടങ്കൽ | ₹255193 വികസന ഫണ്ട്- ജനറൽ<br>₹1087 തനത് ഫണ്ട് |
| ചെലവ് | ₹119200 ബിൽ നമ്പർ : 701573714/31-03-23<br>₹135993 ബിൽ നമ്പർ : 701573734/31-03-23<br>₹1087 വൗച്ചർ നമ്പർ 22201245/31-03-23<br>ആകെ : ₹256280 |

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(എംഎസ്)നം. 115/2022/തസ്വഭവ, തീയതി.28.5.2022) പ്രകാരം നിരാലംബരായ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും 60 വയസ്സിൽ താഴെയുള്ള ശയ്യാവലംബരായ നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് പരമാവധി ₹4350 യിൽ അധികരിക്കാതെ കട്ടിൽ വാങ്ങി നൽകാവുന്നതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിലെ ഗുണഭോക്താക്കൾ നിരാലംബരാണെന്നൊ, ശയ്യാവലംബരാണെന്നൊ തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് സംബന്ധിച്ച് അധിക വിവരം ഉണ്ടെങ്കിൽ ലഭ്യമാക്കുന്നതിന് 13/21-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേൽ നിബന്ധനകൾ പാലിച്ചു എന്ന് ഉറപ്പ് വരുത്തിയ ശേഷമാണ് പ്രോജക്ട് നടപ്പിലാക്കിയത് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. എന്നാൽ നിബന്ധനകൾ പാലിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയതിന്റെ രേഖകളോ ഗുണഭോക്താക്കളുടെ വിവരങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുവാനു രേഖകൾ തയ്യാറാക്കാനും ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ, സബ്സിഡി മാർഗ്ഗരേഖ (സ.ഉ(എംഎസ്)നം. 115/2022/തസ്വഭവ, തീയതി.28.5.2022) പ്രകാരമുള്ള സബ്സിഡി സംബന്ധിച്ച വ്യവസ്ഥകൾ/ മാനദണ്ഡങ്ങൾ പ്രോജക്ട് രൂപീകരണ ഫോറത്തിലും ഗുണഭോക്താക്കൾ നൽകുന്ന അപേക്ഷ പരിശോധിക്കുമ്പോഴും ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല.

ബി-18 ഷെഡ്യൂളിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കിയ മുൻകൂർ ഇനത്തിൽ ₹428145 യും Advance To Others ഇനത്തിൽ ₹1319615 യും ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 14/22-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂർ തുക 2019-20 വർഷത്തിലെതാണെന്നും ആയത് ലെഡ്ജർ വച്ച് പരിശോധിച്ച് ഈ വർഷം ക്രമീകരിക്കുന്നതാണെന്നമാണ് മറുപടി നൽകിയത്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 99, ജി.ഒ.(പി)നം. 419/2011/ഫിൻ. തീയതി 04-10-2011 പ്രകാരം മൂന്ന് മാസങ്ങൾക്കകം മുൻകൂർ ക്രമീകരിച്ചിട്ടില്ലെങ്കിൽ തുക പിൻവലിച്ചതു മുതൽ തുക ഈടാക്കുന്നതു വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻകൂർ തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂൾ പ്രകാരം ക്രമീകരിക്കാൻ ബാക്കിയുള്ള തുകകൾ പരിശോധിച്ച് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. Advance To Others ഇനത്തിൽ ക്രമീകരിക്കാൻ ബാക്കിയുള്ള ₹1319615 എം.ജി.എൻ.ആർ.ഇ.ജി.എസിന് നൽകിയ മുൻകൂർ ആണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-36 തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടില്ല.

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ നിന്നും തെരുവ് വിളക്കുകളുടെ ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ 2022-23 സാമ്പത്തിക വർഷം ₹961313 കേരള ഇലക്ട്രിസിറ്റി ബോർഡിൽ ഒടുക്കിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12-3-2013 ലെ 65529/DC3/12 നമ്പർ സർക്കുലറിൽ മീറ്ററിങ്ങ് സംവിധാനമുള്ള ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനവും സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കാനുള്ള നടപടികളിൽ എത്രത്തോളം പുരോഗതി കൈവരിച്ചിട്ടുണ്ടെന്നും മീറ്റർ സംവിധാനം നടപ്പാക്കിയിട്ടില്ലെങ്കിൽ തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും 32/25-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തെരുവ് വിളക്കുകൾക്ക് നിലവിൽ മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടില്ലെന്നും 2023-24 വാർഷിക പദ്ധതിയിലുൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും സംയുക്ത പരിശോധന നടത്തുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് കത്തു നൽകുന്നതാണെന്നുമാണ് സെക്രട്ടറി മറുപടി നൽകിയത്. തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 പൊതുടാപ്പുകൾ സംയുക്ത പരിശോധന നടത്തിയിട്ടില്ല

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ നിന്നും വാട്ടർ ചാർജ്ജിനത്തിൽ 2023 ജനവരി മാസം വരെ പ്രതിമാസം ₹6270 വീതവും തുടർന്ന് ₹15772 വീതവും കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നുണ്ട്. വാട്ടർടാപ്പുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് 30/25-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സംയുക്ത പരിശോധന നടത്തുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയതിന്റെ വിവരം ലഭ്യമാക്കിയിട്ടുണ്ട്. സംയുക്ത പരിശോധന നടത്തി ഉപയോഗക്ഷമമല്ലാത്ത പൈപ്പുകൾക്ക് കരമടച്ച് ഫണ്ട് പാഴാക്കുന്നില്ലെന്നുറപ്പ് വരുത്തേണ്ടതാണ്.

## 1-38 ശുചിത്വ മിഷൻ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന ശുചിത്വ മിഷൻ ഗ്രാന്റിന്റെ ഫലപ്രദമായ വിനിയോഗം നടക്കുന്നില്ല. പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ശുചിത്വ മിഷനിൽ നിന്നും ലഭിച്ച ₹1200000 ചെലവഴിക്കാത്തതിനാൽ വൗച്ചർ നമ്പർ 22200298/20-07-2022 പ്രകാരം തിരിച്ചടച്ചിട്ടുണ്ട്. ഈ തുക ചെലവഴിക്കാതെ തിരിച്ചടക്കേണ്ടിവന്നത് സംബന്ധിച്ച് 40/26-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2017-18 ൽ എം.സി.എഫ് നിർമ്മാണത്തിന് ലഭിച്ച തുകയാണിതെന്നും പ്രദേശവാസികളുടെ എതിർപ്പ് കാരണമാണ് പദ്ധതി നടപ്പാക്കാൻ കഴിയാതിരുന്നത് എന്നുമുള്ള മറുപടിയാണ് സെക്രട്ടറി നൽകിയത്.
2. 2022-23 വർഷത്തിൽ ശുചിത്വ മിഷൻ ഗ്രാന്റായി ₹11098 ലഭിച്ചിട്ടുണ്ട്. ഈ തുകയുടെ ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
3. 2022-23 വാർഷികധനകാര്യ പത്രികയുടെ B-4 ഷെഡ്യൂൾ പ്രകാരം Grant From Suchitwa Mission ഇനത്തിൽ ₹9,84,887 ചെലവഴിക്കാതെ ബാക്കിയുണ്ട്. ഈ തുക ഏതൊക്കെ വർഷങ്ങളിൽ ലഭിച്ചതാണെന്നും ചെലവഴിക്കാതെ ബാക്കിയാവാനിടയായ സാഹചര്യം എന്തെന്നും വ്യക്തമാക്കപ്പെട്ടിട്ടില്ല.

ശുചിത്വ മിഷൻ ഗ്രാന്റിന്റെ ഫലപ്രദമായ ഉപയോഗം ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യം ഭരണ സമിതിയുടെ

ശ്രദ്ധയിൽപെടുത്തുന്നു.

## 1-39 പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28-05-2022 ലെ സ. ഉ. (കൈ)115/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ തീയതി ഖണ്ഡിക 6.5.1 ൽ സംരഭകത്വ വികസനവും നൈപുണ്യ വികസനവും പ്രധാന ഘടകങ്ങളായി ഉൾപ്പെടുത്തി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിക്കൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഒരു പദ്ധതി (LED Plan) കൂടി 2022-23 മുതൽ തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 04-01-2023 ലെ സ. ഉ. (കൈ)3/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പ്രാദേശിക സാമ്പത്തിക വികസന പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിലെ ഖണ്ഡിക 5 ൽ പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള സംഘടനാ സംവിധാനം രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും മാർഗ്ഗരേഖയിലെ ഖണ്ഡിക 5 ൽ നിർദ്ദേശിച്ച പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കൺവീനറായും സംരംഭകത്വ-തൊഴിൽ വികസന കൗൺസിൽ, തദ്ദേശ ഭരണ സ്ഥാപനതല സാങ്കേതിക സമിതി എന്നിവ രൂപീകരിച്ചിട്ടുണ്ടോ എന്നുമുള്ള വിവരം ലഭ്യമാക്കുന്നതിന് 9/21-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സംരംഭകത്വ-തൊഴിൽ വികസന കൗൺസിലും തദ്ദേശ ഭരണ സ്ഥാപനതല സാങ്കേതിക സമിതിയും രൂപീകരിച്ചിട്ടില്ലെന്നും അടുത്ത ഭരണ സമിതി യോഗത്തിൽ ഇത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണെന്നുമാണ് സെക്രട്ടറി മറുപടി നൽകിയത്. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-40 ആസ്തി പരിപാലന പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല

19-04-2022 ലെ സർക്കാർ ഉത്തരവിലെ [നമ്പർ (കൈ) 84/2022/തസ്വഭവ] ഖണ്ഡിക 6.8 പ്രകാരം ആസ്തി സംരക്ഷണം സംബന്ധിച്ച് ചുവടെപരാമർശിക്കും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

എ. മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

ബി. സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലെ ആസ്തി മെച്ചപ്പെടുത്തുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

സി. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിച്ചും സേവന നിലവാരം ഉയർത്തിയും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കത്തക്കവിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യണം. ഗ്രാമപഞ്ചായത്തിൽ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. 08.11.2018 ൽ പഞ്ചായത്ത് ഡയറക്ടറുടെ സി.2/15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറും പ്രസിഡൻറ്/വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലൊരു കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ആസ്തികളിൽ നിന്നുള്ള വരവ് ചെലവ് കണക്കുകൾ പ്രത്യേകം സൂക്ഷിക്കുന്നില്ല. റോഡ് രജിസ്റ്റർ, റോഡ് കണക്ടിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 2/21-11-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കിയിട്ടില്ലെന്നും ആയത് അടവാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും ഗ്രാമ പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി സംരക്ഷിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നുമാണ് സെക്രട്ടറി മറുപടി നൽകിയത്. മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് ആസ്തിസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-41 രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

ബിൽ സമ്പ്രദായം ജി ഒ (പി ) നം 177/2006 ധനം 12.4.2006 ഖ-18 യിൽ നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റേയും വരവ് ചെലവ് രേഖപ്പെടുത്തണമെന്നും, തദ്ദേശസ്വയംഭരണ ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി -4) സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഹെഡ് മാസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയ ടി ആർ 7-എ ക്യാഷ് ബുക്കിൽ പഞ്ചായത്ത് പ്രോജക്ട് ചെലവുകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കണ്ടിജന്റ് ചെലവുകൾ ഉൾപ്പെടുത്തിയിട്ടില്ല. ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ അതിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. തദ്ദേശസ്വയം ഭരണ ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-4) സൂക്ഷിച്ചിട്ടില്ല. മേൽ ഉത്തരവ് പ്രകാരമുള്ള രജിസ്റ്ററുകൾ

സൂക്ഷിച്ച് വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

## 1-42 ഡെപ്പോസിറ്റ് പ്രവൃത്തികൾ - അവലോകനം

ഗ്രാമപഞ്ചായത്ത് 2018-19 വർഷം മുതൽ കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ അതോറിറ്റി തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ തുക നൽകിയതിന്റെ വിവരങ്ങൾ പരിശോധനക്ക് വിധേയമാക്കുകയുണ്ടായി. അവയിൽ ഏജൻസികളുമായി എഗ്രിമെന്റിൽ ഏർപ്പെടുകയോ നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കുകയോ വിനിയോഗവിവരം ലഭ്യമാക്കുകയോ ചെയ്യാത്തവയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നമ്പർ / പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസി | ഡെപ്പോസിറ്റ് ചെയ്ത തുക | ഡെപ്പോസിറ്റ് ചെയ്ത വർഷം/ എഗ്രിമെന്റ് നം/തീയതി | നിർവ്വഹണ ഏജൻസി വിനിയോഗിച്ച തുക | തുക തിരിച്ചു കിട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ | ക്രമീകരിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| 1 | 189 അങ്കണവാടികൾക്ക് ഇലക്ട്രിസിറ്റി കണക്ഷൻ | കേരള ഇലക്ട്രിസിറ്റി ബോർഡ് | ₹4942 വൗച്ചർ നമ്പർ 21900867/27-01-20 തനത്ഫണ്ട് ₹16476 വൗച്ചർ നമ്പർ 21900898/03-02-20 തനത്ഫണ്ട് | 2019-20 എഗ്രിമെന്റ് വിവരങ്ങൾ ലഭ്യമല്ല | - | ഇല്ല | പ്രവൃത്തി വിവരം ലഭ്യമല്ല |
| ആകെ | | | 21418 | | ഇല്ല | ഇല്ല | |

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് തുക അനുവദിക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി തദ്ദേശ സ്ഥാപനത്തിനു നൽകേണ്ടതാണ്. ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ ആയി നൽകാവൂ. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം സെക്രട്ടറി ഉറപ്പാക്കേണ്ടതുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസിക്ക് തുക നൽകുമ്പോൾ കരാർ ചമക്കേണ്ടതാണ്. (സ.ഉ.കൈ നം.84/22/തസ്വഭവ തീയതി 19.04.22 ഖണ്ഡിക 12(സി)2 കാണുക). ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടത് സംബന്ധിച്ച തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 09.03.22ലെ ഡി.എ.64/22, 10.07.22ലെ ഡി.എ.179/22 സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കൃത്യമായ നടപ്പിലാക്കുന്നു എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്. വാർഷിക ധനകാര്യ പത്രികയിലെ B-18 ഷെഡ്യൂളിലെ 460500202 എന്ന ശീർഷകത്തിൽ Advance To Implementing Agencies (Deposit With Kerala Electricity Board ) ₹7,46,006 നീക്കിയിരിപ്പുണ്ട്. ഈ തുക സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക KSEB യിൽ നിന്നും തിരികെ ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കുന്നതിന് 2021-22 വർഷത്തെ ഓഡിറ്റ് സമയത്ത് 22/30-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ നീക്കിയിരിപ്പുള്ള തുക KSEB യിൽ നിന്നും തിരികെ ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് 2021-22വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നെങ്കിലും 2022-23 വർഷത്തിലും തുക തിരികെ ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ ബന്ധപ്പെട്ടവരുടെ സത്വരശ്രദ്ധ പതിയേണ്ടതുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|
| 2022-23 | 22-11-2023 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1790/2023 തീയ്യതി – 13-12-2023 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | തുക ലഭിച്ച വർഷം | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 500000 | 2022-23 | 17/23 അങ്കണവാടി പോഷകാഹാരം | 500000 | ഇല്ല |
| 2 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 80000 | 2022-23 | 56/23 ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി (ജനറൽ) – സ്പിൽ ഓവർ | 80000 | ഇല്ല |
| 3 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 10000 | 2022-23 | 57/23 ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി (ജനറൽ) 2019-20 സ്പിൽ ഓവർ | 10000 | ഇല്ല |
| 4 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 260000 | 2022-23 | 58/23 ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി (പട്ടികജാതി) സ്പിൽ ഓവർ | 260000 | ഇല്ല |
| 5 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 136001 | 2022-23 | 59/23 ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി (പട്ടികവർഗ്ഗം) സ്പിൽ ഓവർ | 136001 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| 6 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 60400 | 2022-23 | 130/23 ഗോത്ര സാരഥി പദ്ധതി | 60400 | ഇല്ല |
| 7 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 660000 | 2022-23 | 132/23 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 660000 | ഇല്ല |
| 8 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 80000 | 2022-23 | 161/23 പാലിന് ഇൻസെന്റീവ് | 80000 | ഇല്ല |
| | ആകെ | 1786401 | | | 1786401 | |
| 9 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 180000 | 2022-23 | 132/23 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് | 180000 | ഇല്ല |
| 10 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 12000 | 2022-23 | 161/23 പാലിന് ഇൻസെന്റീവ് | 12000 | ഇല്ല |
| | ആകെ | 192000 | | | 192000 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | നൽകിയ തുക | വൗച്ചർ/ബിൽ /ചെക്ക് നമ്പർ/ തീയ്യതി | ചെലവഴിച്ച തുക ₹ | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | 20/23 എം.സി.എഫ് വൈദ്യുതീകരണം | 932956 | 203/16-2-2023 | പൂർത്തീകരിച്ച വിവരം ലഭ്യമല്ല | പൂർത്തീകരിച്ച വിവരം ലഭ്യമല്ല |
| ഭൂജല വകുപ്പ് | 21/23 എം.സി.എഫിന് കുഴൽകിണർ നിർമ്മാണം | 92000 | 55/25-8-2022 | ₹46083 | 24-6-2023 ന് പൂർത്തീകരിച്ചു. 4-8-2023 ന് ബാക്കി തുകയായ ₹45917 തിരിച്ചടച്ചു |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പാ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പാ തുക | വർഷാരം ഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക ₹ | തൻ വർഷം ലഭിച്ച വായ്പാ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ ₹ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി (ഹഡ്കോ) | ജി. ഒ. (എം.എസ്) നം.68/ 2018/ ത.സ്വ.ഭ.വ/ 18-5-2018 | 9821307 | 4684779 | ഇല്ല | 1186737 | - | 3498042 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 2003212 |
| തൻവർഷം നിക്ഷേപിച്ചത് | 127973 |
| ആകെ | 2131185 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് | 2131185 |

വർഷാവസാനം നീക്കിയിരിപ്പുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരം

| ക്രമ നമ്പർ | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി | തുക |
|---|---|---|
| 1 | പൊയിലൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, പൊയിലൂർ ബ്രാഞ്ച് 12356/15-5-2022 | 302221 |
| 2 | പൊയിലൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, പൊയിലൂർ ബ്രാഞ്ച് 12357/15-5-2022 | 289486 |
| 3 | കണ്ണൂർ ജില്ലാ കോ ഓപ്പറേറ്റീവ് ബാങ്ക്, കടവത്തൂർ ബ്രാഞ്ച് 039133/21-11-2022 | 1539478 |
| | ആകെ | 2131185 |

മേൽപ്പറഞ്ഞ സ്ഥിരനിക്ഷേപങ്ങൾ ഓരോ വർഷവും പലിശയടക്കം പുതുക്കുകയാണ് ചെയ്തു വരുന്നത്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ പലിശയടക്കം പുതുക്കിയ തുകയല്ല സ്ഥിര നിക്ഷേപമായി ചേർക്കുന്നത്. വാഷിക ധനകാര്യ പത്രിക B-12 പ്രകാരം സ്ഥിര നിക്ഷേപം ₹2003212 യാണ് നീക്കിയിരിപ്പായുള്ളത്. സ്ഥിര നിക്ഷേപത്തിന്റെ യഥാർത്ഥ നീക്കിയിരിപ്പ് ₹2131185 യാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹42426 യുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് വിവരം | രശീത് നമ്പർ / തീയതി |
|---|---|---|---|---|
| 2018-19 | 1-14 | 500 | മുനീർ. എ. പി. | 1220100999/27-7-2022 |

| | | | | |
|---|---|---|---|---|
| 2018-19 | 1-14 | 1500 | മുനീർ. എ. പി. | 1220101000/27-7-2022 |
| 2018-19 | 1-11 | 500 | ജയേഷ് ആലങ്കാട്ട് | 1220101002/27-7-2022 |
| 2018-19 | 1-11 | 600 | ജയേഷ് ആലങ്കാട്ട് | 1220101003/27-7-2022 |
| 2018-19 | 1-33 | 6000 | ഡോ. രേഖ, വെറ്റിനറി സർജൻ | 1220101006/27-7-2022 |
| 2017-18 | 2-1 | 1050 | സെക്രട്ടറി, പാന്നൂർ പബ്ലിക് കോ ഓപ്പറേറ്റീവ് സൊസൈറ്റി | 1220101126/8-8-2022 |
| 2006-07 | 3-4 | 510 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 1220101218/19-8-2022 |
| 2009-10 | 2-1 | 250 | പി. മുകുന്ദൻ | 1220101280/24-8-2022 |
| 2010-11, 2011-12 | 3-20 | 1016 | മനോജ്. കെ. | 1220101306/26-8-2022 |
| 2010-11, 2011-12 | 3-20 | 197 | കെ. കുമാരൻ | 1220101311/26-8-2022 |
| 2005-06 | 3-1 (A) | 470 | കെ. ബിജു | 1220101312/26-8-2022 |
| 2005-06 | 3-1 (B) | 375 | സെക്രട്ടറി | 1220101313/26-8-2022 |
| 1999-00 | 16 | 1030 | അരാഫ പ്രിന്റേർസ് | 1220101314/26-8-2022 |
| 2002-03 | 3-13 | 1338 | ചന്ദ്രൻ | 1220101315/26-8-2022 |
| 2009-10 | 3-7 | 362 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220101316/26-8-2022 |
| 2007-08 | 3-17 | 1477 | വി. പി. ചന്ദ്രൻ | 1220101317/26-8-2022 |
| 2016-17 | 3-15 | 270 | വി. കെ. മുഹമ്മദ് | 1220101318/26-8-2022 |
| 2005-06 | 3-4 | 1507 | മെഡിക്കൽ ഓഫീസർ | 1220101327/27-8-2022 |
| 2010-11, 2011-12 | 3-20 | 867 | സദാനന്ദൻ | 1220101408/5-9-2022 |
| 2009-10 | 3-2 | 2464 | സെക്രട്ടറി | 1220101409/5-9-2022 |
| 2005-06 | 3-2 | 1750 | സെക്രട്ടറി | 1220101410/5-9-2022 |
| 2009-10 | 3-1 | 50 | ലിബിന | 1220101411/5-9-2022 |
| 2018-19 | 1-34 | 4493 | പി. വി. കൃഷ്ണൻ | 1220101413/5-9-2022 |
| 2013-14 | 2-1 | 1200 | ലസ്‌വിൻ | 1220101496/15-9-2022 |
| 2016-17 | 2-3 | 2500 | ബി.എസ്.എൻ.എൽ, കടവത്തൂർ | 1220101497/15-9-2022 |
| 2010-11 | 3-19 | 2110 | ബി.പി.സി.എൽ | 1220101498/15-9-2022 |
| 2018-19 | 1-14 | 500 | നബില കുന്നത്ത് | 1220101512/17-9-2022 |
| 2018-19 | 1-14 | 500 | യൂനസ്. പി. ടി. | 1220101279/24-8-2022 |
| 2017-18 | 2-1 | 2500 | സെക്രട്ടറി, പാന്നൂർ പബ്ലിക് കോ ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറി | 1220101126/8-8-2022 |
| 2018-19 | 1-14 | 900 | യൂനസ്. പി. ടി. | 1220101279/24-8-2022 |
| 2017-18 | 2-1 | 2500 | സെക്രട്ടറി, പാന്നൂർ പബ്ലിക് കോ ഓപ്പറേറ്റീവ് സൊസൈറ്റി | 1220101295/25-8-2022 |
| 2017-18 | 2-1 | 1140 | സെക്രട്ടറി, പാന്നൂർ പബ്ലിക് കോ ഓപ്പറേറ്റീവ് സൊസൈറ്റി | 1220101296/25-8-2022 |
| | ആകെ | 42426 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പരാമർശ വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2005-06 | 85.3 | 1999-00 | 3-3 | കുരുമുളക് ദ്രുതവാട്ട നിവാരണം | പരാമർശം നിലനിൽക്കുന്നു |
| 2009-10 | 2-5 | 2006-07 | - | വികസന ഫണ്ടിന്റെ വിനിയോഗം | പരാമർശം നിലനിൽക്കുന്നു |
| 2016-17 | 2 | 2014-15 | 2-1 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 63295875 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 60053441 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 3241690 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേര് വിവരം |
|---|---|---|
| 1-19 | 50000 | ശ്രീമതി. പ്രീത. എൻ, ICDS സൂപ്പർവൈസർ |
| 1-20 | 157594 | ശ്രീമതി. നിഷ. പി. കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-21 | 99572 | ഡോ. സജീവൻ. എം, മെഡിക്കൽ ഓഫീസർ PHC |
| 1-22 | 87000 | ഡോ. സജീവൻ. എം, മെഡിക്കൽ ഓഫീസർ PHC |
| 1-23 | 60000 | ഡോ. സജീവൻ. എം, മെഡിക്കൽ ഓഫീസർ PHC |
| 1-24 | 177000 | ശ്രീ. രാജീവൻ. വി, സെക്രട്ടറി |
| 1-25 | 219655 | ഡോ. സജീവൻ. എം, മെഡിക്കൽ ഓഫീസർ PHC |
| 1-26 | 188164 | ഡോ. സജീവൻ. എം, മെഡിക്കൽ ഓഫീസർ PHC |
| 1-27 | 40365 | ഡോ. സജീവൻ. എം, മെഡിക്കൽ ഓഫീസർ PHC |
| 1-28 | 50000 | ശ്രീമതി. നിഷ. പി. കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-29 | 932956 | ശ്രീ. രാജീവൻ. വി, സെക്രട്ടറി |
| 1-30 | 987673 | ഡോ. സജീവൻ എം, മെഡിക്കൽ ഓഫീസർ PHC |
| 1-31 | 35750 | ശ്രീ. രമേശൻ കാന, ഹെഡ് മാസ്റ്റർ |
| 1-32 | 155961 | ഡോ. സജീവൻ. എം, മെഡിക്കൽ ഓഫീസർ PHC |
| ആകെ | 3241690 | |

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി നും തടസ്സത്തിനും ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

| ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് വിവരം | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി. പ്രീത. എൻ, ICDS സൂപ്പർവൈസർ | ICDS സൂപ്പർവൈസർ, തൂപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത് | ചോല ഹൗസ്, വി. എം റോഡ്, പുതുപ്പണം-പി.ഒ, വടകര |
| ശ്രീമതി. നിഷ. പി. കെ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, തൂപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത് | തയ്യുള്ളതിൽ ഹൗസ്, പാനൂർ-പി.ഒ, തലശ്ശേരി, കണ്ണൂർ |
| ഡോ. സജീവൻ. എം, മെഡിക്കൽ ഓഫീസർ PHC | മെഡിക്കൽ ഓഫീസർ PHC തൂപ്രങ്ങോട്ടൂർ | മേടേമ്മൽ ഹൗസ്, ചമതക്കാട് പൊയിലൂർ-പി.ഒ, തലശ്ശേരി, കണ്ണൂർ |
| ശ്രീ. രാജീവൻ. വി, സെക്രട്ടറി | സെക്രട്ടറി തൂണേരി ഗ്രാമ പഞ്ചായത്ത് | വള്ളിയിൽ ഹൗസ്, ഇരിങ്ങണ്ണൂർ-പി.ഒ, തൂണേരി (വഴി), കോഴിക്കോട് |
| ശ്രീ. രമേശൻ കാന, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, ഗവ. എൽ.പി.സ്കൂൾ, പടേന, പയ്യന്നൂർ | പൂവത്തിൻ കീഴിൽ, വടശ്ശേരി, മാത്തിൽ-പി.ഒ, പയ്യന്നൂർ (വഴി) കണ്ണൂർ, 670307 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1318/2022 തീയതി 10.10.2022 | 1 |
| 1999-2000 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1318/2022 തീയതി 10.10.2022 | 1 |
| 1999-2000 പദ്ധതി വിഹിതം | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1318/2022 തീയതി 10.10.2022 | 3 |
| 2001-02 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1318/2022 തീയതി 10.10.2022 | 1 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1318/2022 തീയതി 10.10.2022 | 1 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1318/2022 തീയതി 10.10.2022 | 1 |

| | | |
|---|---|---|
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1318/2022 തീയതി 10.10.2022 | 5 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1318/2022 തീയതി 10.10.2022 | 2 |
| 2010-11, 2011-12 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1318/2022 തീയതി 10.10.2022 | 2 |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1318/2022 തീയതി 10.10.2022 | 1 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1318/2022 തീയതി 10.10.2022 | 3 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1318/2022 തീയതി 10.10.2022 | 4 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1318/2022 തീയതി 10.10.2022 | 1 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1318/2022 തീയതി 10.10.2022 | 7 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.8/701/2022 തീയതി 10.10.2022 | 13 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.8/702/2022 തീയതി 10.10.2022 | 16 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1784/2022 തീയതി 21.3.2023 | 20 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം , കണ്ണൂർ

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 163/2023 dated 13-07-2023 and submitted on 14-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Thripangottoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thripangottoor Grama Panchayat for the year 2022-2023

Date: 13/12/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Thripangottoor Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1.Amount used for asset creation using specific grant account not trasferred to capital contribution and treated as revenue income.

2.Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

3. The following mandatory financial statements such as B1 schedule, Ratios,comparitive amounts for the preceding year prescribed in 2011 Kerala Panchayath Raj accounting rules are not submitted for audit

4. Notes to Account not submitted for audit.

5. CFC Grant liability amount shown as liability in Balancesheet does not match with B-17 schedule and Bank account opened for the specified grant account.
6. Advance register is incomplete and not updated.
7.There is no closing stock as per B-14 schedule
8. Distress relief fund shown in B-2 Schedule differs from B-17 schedule
9.Figure shown as Gross surplus/deficit of income over expenditure after prior period items in income &expenditure differs with the actual amount which transferred to balance sheet B-1 schedule
10. Lapses in making timely and accurate demand entries in respect of tax and non tax revenue
11. The actual amount of investment is not included in B-12 schedule

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## ധനകാര്യ പത്രികകൾ

1. RECEIPT & PAYMENT STATEMENT - Thripangottoor Grama Panchayat

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 20039727.00 |
| Cash | Cash | RP-40(a) | 22630.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1074180.00 |
| 140000000 | Fees & User Charges | RP-4 | 810657.00 |
| 150000000 | Sale & Hire Charges | RP-5 | 56960.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 14973000.00 |
| 171000000 | Interest Earned | RP-9 | 297291.00 |
| 190000000 | Prior Period Income | RP-11 | 117826.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 14231.00 |
| 311000000 | Earmarked Funds | RP-28 | 2738.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 15063832.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 29871749.00 |
| 460000000 | Loans, Advances and Deposits | RP-49 | 3000.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 54475.00 |
| 350000000 | Other Liabilities | RP-35 | 955936.00 |

| | | | |
|---|---|---|---|
| | Grand total | | 83358232.00 |
| | PAYMENTS | | |
| | Operating | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 9109.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 14798.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 28827255.00 |
| 460000000 | Loans, Advances and Deposits | RP-49 | 120000.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 22717.00 |
| 350000000 | Other Liabilities | RP-35 | 31059562.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 23268106.00 |
| Cash | Cash | RP-40(b) | 36685.00 |
| | Grand Total | | 83358232.00 |

2. INCOME & EXPENDITURE STATEMENT - Thripangottoor Grama Panchayat

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6481203.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 485988.00 |

| | | | |
|---|---|---|---|
| 140000000 | Fee & User Charges | I-4 | 1140557.00 |
| 150000000 | Sale & Hire Charges | I-5 | 59931.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 129498443.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 297291.00 |
| 180000000 | Other Income | I-9 | 0.0 |
| 190000000 | Prior Period Income | I-19 | 124449.00 |
| | Total Income | | 137963413.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12826462.00 |
| 220000000 | Administrative Expenses | I-11 | 1649093.00 |
| 230000000 | Operations & Maintenance | I-12 | 1512053.00 |
| 240000000 | Interest & Finance Charges | I-13 | 76680.00 |
| 250000000 | Decentralised Plan Programme-Productive Sector/Programme Expenses | I-14 | 5711245.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 27876882.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 1821799.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 6500769.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 62688300.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1152473.00 |

| | | | |
|---|---|---|---|
| | | | |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 9101616.00 |
| | Total Expenditure | | 130917372.00 |
| | Gross Surplus / Deficit of income over Expenditure | | 7046041.00 |
| | Gross Surplus / Deficit of income over Expenditure | | 8110829.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 1189237.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -1064788.00 |

3. BALANCE SHEET – Thripangottoor Grama Panchayat

| As on 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 32635634.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 17852.00 |
| 312000000 | Reserves | B-3 | 40243436.00 |
| | Total Reserve & Surplus | | 72896922.00 |

| | | | |
|---|---|---|---|
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 14326370.00 |
| | Total Grants, Contributions for Specific Purposes | | 14326370.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 3498042.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 3498042.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1679974.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2259285.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3939259.00 |
| | TOTAL LIABILITIES | | 94660593.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 1997004.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 195215.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 2862132.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 95039667.00 |
| 416000000 | Accumulated Depreciation | B-11(a) | -63004461.00 |
| | Total Fixed Assets | | 37089557.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 2003212.00 |

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 2003212.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 28835365.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 23304791.00 |
| 460000000 | Loans, Advances and Deposits | B-18 | 3427668.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 55567824.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 94660593.00 |

Deputy Director
Kerala State Audit Department
District Audit Office, Kannur